www.malankaralibrary.com

മലങ്കര കത്തോലിക്കാ സഭാപഠനങ്ങൾ-1



# എക്ലേസിയ

ഫാ. തോമസ് മടുക്കംമൂട്ടിൽ

www.malankaralibrary.com

# എക്ലേസിയ

## മലങ്കര കത്തോലിക്കാ സഭാപഠനങ്ങൾ

ഫാ. തോമസ് മടുക്കംമൂട്ടിൽ

സ്രോതസ് പബ്ലിക്കേഷൻസ്
സുൽത്താൻ ബത്തേരി

www.malankaralibrary.com

**Ecclesia**

Malankara Catholic Church Studies

| | | |
|---|---|---|
| Prepared by | : | Fr. Thomas Madukkammoottil |
| First Published | : | January 2011 |
| Second Impression | : | June 2015 |
| Published by | : | Srothas Publications<br>Pastoral and Catechetical Centre<br>Diocese of Bathery |
| Price | : | ₹ 50/- |
| Printed at | : | San Georgea Offset Printers<br>Bathery |

www.malankaralibrary.com

## ആശംസ

വിശ്വാസം ഉണർത്തുകയും വളർത്തുകയും ചെയ്യുന്നതിനുള്ള സഭയുടെ ശുശ്രൂഷയാണ് മതബോധനം. മാമ്മോദീസാവഴി വിശ്വാസമെന്ന ദൈവികദാനം നമുക്ക് ലഭിക്കുന്നു. വേണ്ടത്ര വെള്ളവും വെളിച്ചവും വളവും ലഭിക്കുന്നില്ലെങ്കിൽ ഈ വിത്ത് നിർജ്ജീവവും ഫലശൂന്യമായും തീരും. ഓരോ വ്യക്തിയും സ്വീകരിച്ചിരിക്കുന്ന വിശ്വാസ വെളിച്ചത്തെ കൂടുതൽ പ്രകാശിപ്പിക്കുന്നതിനുള്ള പരിശ്രമമാണ് വിശ്വാസ പരിശീലനം. ദൈവീക അറിവിൽ നിന്ന് ദൈവീക അനുഭവത്തിലേക്കും സാക്ഷ്യജീവിതത്തിലേക്കും വ്യക്തികളെ ആനയിക്കുക, ഇതാണ് സഭയുടെ വിശ്വാസപരിശീലനം ലക്ഷ്യം വയ്ക്കുന്നത്.

വിശ്വാസപരിശീലന പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ദൈവീക അറിവു പകർന്നു നല്കുന്നതിനുള്ള പരിശ്രമമാണ് ‘‘എക്ലേസിയ’’ പ്രത്യേകിച്ച് സഭാസംബന്ധമായ അറിവു പകർന്നു നല്കുന്നു. മലങ്കര കത്തോലിക്കാ സഭാചരിത്രം, ആരാധനാക്രമം, രൂപതകൾ തുടങ്ങി നിരവധി മേഖലകളിലൂടെ ‘‘എക്ലേസിയ’’ കടന്നുപോകുന്നു. സഭയെ ആഴത്തിൽ അറിയുന്നതിലൂടെ സഭയെ സ്നേഹിക്കാനും പാരമ്പര്യങ്ങളെയും ആരാധന ജീവിതത്തെയും മുറുകെ പിടിക്കാനും സാധിക്കും. മതാധ്യാപകർക്കും വിദ്യാർത്ഥികൾക്കും അതോടൊപ്പം സഭയെ അറിയാൻ ആഗ്രഹിക്കുന്ന എല്ലാവർക്കും തോമസ് മടുക്കംമൂട്ടിൽ അച്ചൻ തയ്യാറാക്കിയിരിക്കുന്ന ‘‘എക്ലേസിയ’’ ഉപകരിക്കട്ടെയെന്ന് ആശംസിക്കുന്നു. ബഹു. അച്ചന് എല്ലാവിധ ദൈവാനുഗ്രഹവും നന്മയും ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ,

**ഡോ. ജോസഫ് മാർ തോമസ് മെത്രാപ്പോലീത്താ**
ബത്തേരി രൂപത

www.malankaralibrary.com

# എക്ലേസിയ

എക്ലേസിയ ലത്തീൻപദം; വിളിച്ചുകൂട്ടപ്പെട്ടവരുടെ സമൂഹം എന്നർത്ഥം. പഴയനിയമത്തിൽ തിരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ ദൈവതിരുമുമ്പിലെ സമ്മേളനം - എക്ലേസിയ.

പുതിയ നിയമത്തിൽ ദൈവത്താൽ വിളിച്ചു വേർതിരിക്കപ്പെട്ട ദൈവമക്കളുടെ സമൂഹം - എക്ലേസിയ എന്നതിനർത്ഥം.

സഭയെക്കുറിച്ചുള്ള അറിവ് ദൈവവിശ്വാസത്തിന്റെ ആഴങ്ങളിലേക്ക് നമ്മെ ആനയിക്കുന്നു.

മലങ്കര കത്തോലിക്കാ സഭ - ദൈവപദ്ധതിയിൽ ഉരുത്തിരിഞ്ഞ വിശ്വാസ സമൂഹം. മലങ്കര കത്തോലിക്കാ സഭയെക്കുറിച്ചുള്ള അറിവ് പകർന്നു നല്കാനുള്ള പരിശ്രമമാണ് "എക്ലേസിയ" എന്ന പുസ്തകം.

പൂർണ്ണമായ പരിശ്രമമാണെന്ന് അവകാശപ്പെടുന്നില്ല..... ഒത്തിരി കാര്യങ്ങൾ ഇനിയും ബാക്കി...

മതാധ്യാപകർക്കും വിദ്യാർത്ഥികൾക്കും സഭയെ അറിയാൻ ഇതു സഹായകമാകും എന്ന് പ്രത്യാശിക്കുന്നു.

ബത്തേരി രൂപതയിൽ ക്രമീകരിച്ചുവരുന്ന "സോഫിയ" ക്വിസ് മത്സരത്തിന് തയ്യാറാക്കിയ ചോദ്യ ഉത്തരങ്ങളാണ് ഇതിന്റെ ഉള്ളടക്കം. ആദ്യ പതിപ്പിന് നല്കിയ സ്വീകാര്യതയ്ക്ക് നന്ദി. ഒന്നാം പതിപ്പ് പ്രസിദ്ധീകരിക്കാൻ സഹായിച്ച സി. സെലിൻ എസ്.ഐ.സി.യ്ക്കും, ജിലി വിൽസനും, നന്ദി.

പ്രോത്സാഹനംകൊണ്ടും മാർഗ്ഗനിർദ്ദേശംകൊണ്ടും അനുഗ്രഹിക്കുന്ന മലങ്കര സഭാമേലധ്യക്ഷൻ മോറാൻമോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവയ്ക്കും, ബത്തേരി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോസഫ് മാർ തോമസ് പിതാവിനും ഒരായിരം നന്ദി.

ഞാൻ ഏറെ സ്നേഹിക്കുന്ന മതാദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി "എക്ലേസിയ" സമർപ്പിക്കുന്നു.

**ഫാ. തോമസ് മടുക്കംമൂട്ടിൽ**

www.malankaralibrary.com

# ഉള്ളടക്കം

ആശംസ

ആമുഖം

Part - A സീറോ മലങ്കര കത്തോലിക്കാ സഭ

1. വി. തോമാശ്ലാഹായും ഭാരത സഭയും
2. മലങ്കര കത്തോലിക്കാ സഭ (1930-2005)
3. മലങ്കര കത്തോലിക്കാ സഭ
   മേജർ ആർക്കി എപ്പിസ്കോപ്പൽ സഭ (2005)
4. മലങ്കര കത്തോലിക്കാ സഭാമേലധ്യക്ഷൻമാർ
5. ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ
6. പ്രോവിൻസുകളും രൂപതകളും
7. മൺമറഞ്ഞ പിതാക്കന്മാർ
8. സ്മരണീയ ദിനങ്ങൾ
9. ആരാധന ക്രമം
10. ദേവാലയവും വിശുദ്ധവസ്തുക്കളും
11. പദങ്ങളുടെ അർത്ഥം

Part - B ആഗോളകത്തോലിക്കാ സഭ

12. വിശുദ്ധർ
13. വത്തിക്കാനും മാർപ്പാപ്പമാരും
14. ഭാരതസഭ
15. കാനൻ നിയമം
16. വിശുദ്ധ ഫ്രാൻസീസ് അസീസ്സി
17. ബൈബിൾ
18. പരിശുദ്ധ കന്യകാമറിയം

www.malankaralibrary.com

# ആമുഖം

അനാചാരങ്ങളുടേയും അസമത്വത്തിന്റേയും നാടായിരുന്ന ഭാരത മണ്ണിലേക്ക് സത്യവിശ്വാസത്തിന്റെ പൊൻപ്രഭ വിതറിയത് ക്രിസ്തു ശിഷ്യൻമാരിൽ ഒരുവനായ മാർത്തോമ്മാശ്ലീഹായാണ്. എ.ഡി. 52-ൽ മാർത്തോമ്മാശ്ലീഹാ ഭാരതത്തിൽ എത്തുകയും സുവിശേഷപ്രഘോഷണം നടത്തുകയും ചെയ്തു. മാർത്തോമ്മാശ്ലീഹായുടെ സുവിശേഷപ്രഘോഷണത്തിൽനിന്ന് ജന്മമെടുത്തതും പതിനാറാം നൂറ്റാണ്ടു വരെ സാർവ്വത്രിക സഭാകൂട്ടായ്മ പൂർണ്ണമായി കാത്തുസൂക്ഷിക്കുകയും ചെയ്ത സഭയാണ് മലങ്കരസഭ. പതിനാറാം നൂറ്റാണ്ടിൽ പാശ്ചാത്യമിഷനറിമാരുടെ സ്വാധീനത്തെ തുടർന്ന് കേരളസഭയുടെ തനിമയ്ക്കും സാർവ്വത്രികതയ്ക്കും മങ്ങലേറ്റ് സഭ രണ്ടായി പിളർന്നു. ഒരു വിഭാഗം പാശ്ചാത്യമിഷണറിമാരുടെ സ്വാധീനത്തിന് വിധേയപ്പെട്ട് വളർന്നു. രണ്ടാമത്തെ വിഭാഗം പാശ്ചാത്യരെ ഉപേക്ഷിച്ച് അന്ത്യോക്യയിലെ ഓർത്തഡോക്സ് യാക്കോബായ പാത്രിയർക്കീസിന് വിധേയമായി വളർന്നു. തന്മൂലം, ഈ സഭാവിഭാഗത്തിനുണ്ടായിരുന്ന സാർവ്വത്രികത പൂർണ്ണമായി നഷ്ടപ്പെട്ടു. എങ്കിലും സാർവ്വത്രിക കൂട്ടായ്മയിലേക്ക് കടന്നുവരുവാനുള്ള പരിശ്രമങ്ങൾ നടത്തികൊണ്ടിരുന്നു.

## ദൈവദാസൻ മാർ ഈവാനിയോസും പുനരൈക്യവും

1926-ൽ ഓർത്തഡോക്സ് സഭാസമൂഹത്തിലെ മേലദ്ധ്യക്ഷന്മാർ പരുമലയിൽ ഒരു സൂനഹദോസ് വിളിച്ചുകൂട്ടുകയും പ്രസ്തുത സൂനഹദോസ് ബഥനിയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ റോമുമായി പുനരൈക്യശ്രമങ്ങൾ നടത്തുന്നതിനായി നിയോഗിക്കുകയും ചെയ്തു. തങ്ങളുടേതായ പാരമ്പര്യങ്ങളും ആരാധനാനുഷ്ഠാനങ്ങളും നിലനിർത്തിക്കൊണ്ട് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടാൻ തയ്യാറാണെന്നുള്ള വ്യവസ്ഥകളെ അടിസ്ഥാനപ്പെടുത്തി എഴുത്തുകൾ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത പരിശുദ്ധ സിംഹാസനത്തിന് സമർപ്പിച്ചു. പരി. 11-ാം പീയൂസ് മാർപാപ്പ ഈ

www.malankaralibrary.com

വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ട് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായേയും അനുയായികളേയും കത്തോലിക്കാസഭയിലേക്ക് സ്വാഗതം ചെയ്തു. ഇതിലൂടെ 1653ലെ കൂനൻകുരിശു സത്യം മുതൽ നടത്തിയ പുനരൈക്യ പരിശ്രമങ്ങൾ പൂവണിഞ്ഞു.

## മലങ്കര കത്തോലിക്കാസഭ

1930 സെപ്തംബർ 20 സഭാചരിത്രത്തിൽ തങ്കലിപികളാൽ എഴുതപ്പെട്ട ദിവസമാണ്. മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ ആരംഭിച്ച പുനരൈക്യശ്രമങ്ങൾ വഴി, മലങ്കര ഓർത്തഡോക്സ് സഭാവിഭാഗം സാർവ്വത്രികത വീണ്ടെടുത്തത് ഈ പുണ്യദിനത്തിലായിരുന്നു. മാർപാപ്പയാൽ പ്രത്യേകം നിയോഗിക്കപ്പെട്ട കൊല്ലം രൂപതാദ്ധ്യക്ഷൻ മരിയ ബൻസിംഗർ തിരുമേനിയുടെ മുമ്പാകെ സത്യവിശ്വാസം ഏറ്റുപറഞ്ഞുകൊണ്ട് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ, മാർ തെയോഫിലോസ് മെത്രാപ്പോലീത്താ, ഫാ. ജോൺ OIC, അലക്സാണ്ടർ ശെമ്മാശൻ, ശ്രീ. കിളിലേത്ത് ചാക്കോ എന്നിവർ കത്തോലിക്കാസഭാവിശ്വാസം സ്വീകരിച്ചു. അതേ തുടർന്ന് ആ കാലയളവിൽ തന്നെ അനേകം ആളുകൾ സത്യവിശ്വാസം ഏറ്റുപറഞ്ഞ് സാർവ്വത്രികതനിമ വീണ്ടെടുത്തു. അങ്ങനെ കൂനൻകുരിശു സത്യം മുതൽ 1930 വരെ സാർവ്വത്രികസഭയിൽ നിന്ന് അകന്നു ജീവിച്ചിരുന്ന മലങ്കരസഭാമക്കളിൽ ഒരു വിഭാഗം മാർത്തോമ്മാശ്ലീഹായുടെ പാരമ്പര്യവും പൈതൃകവും വീണ്ടെടുത്ത് വ്യക്തിഗത സഭയായി രൂപപ്പെട്ടു.

## വളർച്ചയുടെ പാതയിലൂടെ

ഭാഗ്യസ്മരണാർഹനായ പതിനൊന്നാം പീയൂസ് മാർപാപ്പ 1932 ജൂൺ 11-ാം തീയതി പുറപ്പെടുവിച്ച 'ക്രിസ്തോ പാസ്തോരും പ്രിൻചിപ്പി' എന്ന തിരുവെഴുത്തുവഴി മലങ്കരകത്തോലിക്കാസഭാ ഹയരാർക്കി ഭാരതത്തിൽ നിലവിൽവന്നു. ഈ തിരുവെഴുത്തിലൂടെ 'തിരുവനന്തപുരം' മലങ്കരകത്തോലിക്കാസഭയുടെ മെത്രാപ്പോലീത്തൻ സിംഹാസനമായി പ്രഖ്യാപിക്കുകയും മാർ ഈവാനിയോസ് തിരുമേനിയെ പ്രഥമമെത്രാപ്പോലീത്തൻ ആർച്ചു ബിഷപ്പായി നിയമിക്കുകയും ചെയ്തു. പുതിയ കാനൻനിയമം 1992-ൽ പ്രാബല്യത്തിൽ വന്നതോടെ മലങ്കര കത്തോലിക്കാ സഭയ്ക്ക് 'മെത്രാപ്പോലീത്തൻ സഭ' എന്ന പദവിയും ലഭിച്ചു. 2005 ഫെബ്രുവരി 10-ന് മേജർ ആർക്കിഎപ്പിസ്കോപ്പൽ തലത്തിലേക്ക് സഭ ഉയർത്തപ്പെട്ടു. 2005 മേയ് 14-ന് പ്രഥമ മേജർ ആർച്ചുബിഷപ്പും കാതോലിക്കാബാവയുമായി സിറിൾ ബയേലിയോസ് തിരുമേനി സ്ഥാനാരോഹണം ചെയ്തു. 2007 ജനുവരി 18-ന് സിറിൽ

www.malankaralibrary.com

ബസേലിയോസ് കാതോലിക്കാ ബാവ തന്റെ നിത്യസമ്മാനത്തിനായി സ്വർഗ്ഗീയ പിതാവിന്റെ സന്നിധിയിലേക്ക് യാത്രയായി. തുടർന്ന് 2007 മാർച്ച് 5-ന് ആർച്ചു ബിഷപ്പ് ഐസക്ക് മാർ ക്ലീമീസ് തിരുമേനി 'ബസേലിയോസ് ക്ലീമീസ്' എന്ന നാമധേയത്തിൽ സഭയുടെ മേജർ ആർച്ചു ബിഷപ്പും കാതോലിക്കാ ബാവയുമായി സ്ഥാനാരോഹണം ചെയ്തു. 2012 നവംബർ 24-ന് മേജർ ആർച്ചു ബിഷപ്പ് ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവയെ ബനഡിക്ട് പതിനാറാമൻ മാർപാപ്പ കർദ്ദിനാൾ സ്ഥാനത്തേക്ക് ഉയർത്തി. ആഗോള കത്തോലിക്കാ സഭയിൽ സീറോ മലങ്കര കത്തോലിക്കാ സഭയ്ക്ക് ലഭിച്ച ഏറ്റവും വലിയ അംഗീകരമാണിത്.

ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ രൂപംകൊണ്ട സഭ വളർച്ചയുടെ പാതയിലൂടെ മുമ്പോട്ടു പോകുന്നു. രണ്ട് രൂപതകളിൽ തുടങ്ങിയ സഭയ്ക്ക് ഇന്നു ഒൻപത് രൂപതകൾ നിലവിലുണ്ട്. ആത്മിയ, സാമുഹീക, വിദ്യഭ്യാസ മേഖലകളിലൂടെ ദൈവിക ചൈതന്യം പകർന്നു നൽകുന്ന പ്രകാശ ഗോപുരമായി സഭ നിലകൊള്ളുന്നു.

www.malankaralibrary.com

## Part - A സീറോ മലങ്കര കത്തോലിക്കാസഭ

1. വി. തോമാശ്ലീഹായും ഭാരതസഭയും

2. മലങ്കര കത്തോലിക്കാസഭ (1930 - 2005)

3. മലങ്കര കത്തോലിക്കാസഭ

   മേജർ ആർക്കി എപ്പിസ്കോപ്പൽ സഭ (2005)

4. മലങ്കര കത്തോലിക്കാ സഭാമേലധ്യക്ഷൻമാർ

5. ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ

6. പ്രോവിൻസുകളും രൂപതകളും

7. മൺമറഞ്ഞ പിതാക്കൻമാർ

8. സ്മരണീയ ദിനങ്ങൾ

9. ആരാധനാക്രമം

10. ദേവാലയവും വിശുദ്ധവസ്തുക്കളും

11. പദങ്ങളുടെ അർത്ഥം


www.malankaralibrary.com

1

# വി. തോമാശ്ലീഹായും ഭാരത സഭയും

1. ക്രിസ്തു ശിഷ്യൻമാരിൽ ആരാണ് ഭാരതമണ്ണിൽ സുവിശേഷം അറിയിച്ചത്?
   വി. തോമാശ്ലീഹാ
2. എന്നാണ് വി. തോമാശ്ലീഹാ ഭാരതത്തിൽ എത്തിയത്?
   എ.ഡി. 52ൽ
3. കേരളത്തിലെ ഏത് സ്ഥലത്താണ് തോമാശ്ലീഹാ കപ്പലിറങ്ങിയതും ആദ്യമായി സുവിശേഷ പ്രവർത്തനം ആരംഭിച്ചതും?
   കൊടുങ്ങല്ലൂരിലെ മാല്യങ്കരയിൽ
4. ഭാരത അപ്പസ്തോലൻ എന്നറിയപ്പെടുന്നത്?
   വി. തോമാശ്ലീഹാ
5. വി. തോമാശ്ലീഹായാൽ സ്ഥാപിതമായ സഭാ സമുഹങ്ങൾ?
   പാലയൂർ, കൊടുങ്ങല്ലൂർ, കോട്ടക്കാവ്, കോക്കമംഗലം, നിരണം, കൊല്ലം, നിലയ്ക്കൽ
6. വി. തോമാശ്ലീഹാ രക്തസാക്ഷിത്വം വരിച്ചത് എന്ന്?
   എ.ഡി. 72ൽ

www.malankaralibrary.com

7. എവിടെ പ്രാർത്ഥനാ നിരതനായിരിക്കുമ്പോഴാണ് തോമാശ്ലീഹാ കുന്തംകൊണ്ട് കുത്തേറ്റ് മരിച്ചത്?
മദ്രാസിലെ ചിന്നമലയിൽ
8. എവിടെയാണ് വി. തോമാശ്ലീഹായുടെ ഭൗതീക ശരീരം അടക്കം ചെയ്തത്?
മദ്രാസിലെ മൈലാപ്പൂരിൽ, പിന്നീട് സെന്റ് തോമസ് കത്തീഡ്രൽ ദേവാലയം ഇവിടെ നിർമ്മിച്ചു
9. വി. തോമാശ്ലീഹായിൽ നിന്ന് വിശ്വാസം സ്വീകരിച്ചവർ എന്ന അർത്ഥത്തിൽ ഏതു പേരിലാണ് കേരളത്തിലെ ക്രൈസ്തവർ അറിയപ്പെടുന്നത്?
മാർത്തോമ്മാ ക്രിസ്ത്യാനികൾ
10. ശ്ലീഹാ സ്ഥാപിച്ച സഭ മലങ്കര സഭ എന്നറിയപ്പെടുന്നു. കാരണം?
വി. തോമാശ്ലീഹാ പശ്ചിമേഷ്യയിൽ നിന്ന് കപ്പലിൽ ഭാരതത്തിൽ വന്നിറങ്ങിയത് കൊടുങ്ങല്ലൂരിനടുത്തുള്ള മാല്യങ്കര എന്ന സ്ഥലത്തായിരുന്നു. ആദ്യം സുവിശേഷം പ്രസംഗിച്ചതും സഭാസമുഹത്തിന് രൂപം നൽകിയതും ഇവിടെയാണ്. ഇക്കാരണത്താൽ വി.തോമാശ്ലീഹാ സ്ഥാപിച്ച സഭ മലങ്കര സഭ എന്ന് അറിയപ്പെടുന്നു.
11. വി. തോമാശ്ലീഹായുടെ രക്തസാക്ഷിത്വ ദിനമായ ജൂലൈ മൂന്ന് അറിയപ്പെടുന്നത്?
ദുക്റാന
12. ആഗോള സഭയിൽ ഏത് ദിവസമാണ് വി. തോമാശ്ലീഹായുടെ തിരുന്നാൾ ആചരിക്കുന്നത്?
ജൂലൈ 3
13. വി. തോമാശ്ലീഹായെ ഭാരത അപ്പസ്തോലനായി പ്രഖ്യാപിച്ചത് എന്ന്?
1972 മാർച്ച് 25
14. ഭാരതത്തിന്റെ രണ്ടാമത്തെ അപ്പസ്തോലൻ?
വി. ഫ്രാൻസിസ് സേവ്യർ
15. ഭാരതത്തിന്റെ രണ്ടാമത്തെ അപ്പസ്തോലനായ വി. ഫ്രാൻസീസ് സേവ്യർ ഇന്ത്യയിൽ വന്ന വർഷം?
1542-ൽ
16. ഉദയം പേരൂർ സൂന്നഹദോസ് നടന്ന വർഷം?
1599-ൽ
17. കൂനൻ കുരിശു സത്യം നടന്നവർഷം?
1653-ൽ

www.malankaralibrary.com

18. ചരിത്ര പ്രസിദ്ധമായ കൂനൻ കുരിശു സമരം നടന്നതെവിടെവെച്ച്?
മട്ടാഞ്ചേരിയിൽ
19. കൂനൻ കുരിശു സത്യ വാചകം?
"സന്തതിയുള്ള കാലത്തോളം സാമ്പാളൂർ പാതിരിമാരുടെ കീഴിൽ ഇരിക്കുകയില്ല."
20. കൂനൻ കുരിശു സത്യത്തിനു ശേഷം കേരള സഭയിലുണ്ടായ വിഭജനത്തിലൂടെ രൂപപ്പെട്ട സഭാ സമൂഹങ്ങൾ?
1. പഴയ കൂറ്റുകാർ, 2. പുത്തൻ കൂറ്റുകാർ
21. മുളന്തുരുത്തി സൂന്നഹദോസ് നടന്ന വർഷം?
1876–ൽ
22. സുറിയാനിക്കാർക്കായി നിയമിക്കപ്പെട്ട പ്രഥമ ലത്തീൻ മെത്രാൻ?
ഫ്രാൻസിസ് റോസ് എസ്.ജെ.
23. ഇന്ത്യയിലെ ലത്തീൻ ഹയരാർക്കി സ്ഥാപിച്ചത് എന്ന്?
1886 ഒക്ടോബർ 1
24. ലത്തീൻ ഹയരാർക്കി സ്ഥാപിച്ച മാർപാപ്പ?
ലെയോ പതിമൂന്നാമൻ മാർപാപ്പ
25. ഈസ്റ്റ് ഇന്ത്യയിൽ അപ്പസ്തോലിക ന്യൂൺഷ്യേച്ചർ സ്ഥാപിച്ച വർഷം?
1881–ൽ
26. ക്നായിത്തൊമ്മൻ കേരളത്തിൽ വന്ന വർഷം?
എ.ഡി.345–ൽ
27. ആദ്യത്തെ സാർവ്വത്രിക സൂന്നഹദോസായ നിഖ്യാ സൂന്നഹദോസ് നടന്നത്?
എ.ഡി.324–ൽ
28. മലങ്കരയിൽ കതോലിക്കേറ്റ് സ്ഥാപിതമായത് എന്ന്?
1912 സെപ്തംബർ 15
29. ഒന്നാം വത്തിക്കാൻ കൗൺസിലിൽ സംബന്ധിച്ച കേരളത്തിൽ നിന്നുള്ള വിദേശ മെത്രാൻ?
ലെയണാദ് മെല്ലാനോ
30. മാർത്താണ്ഡവർമ്മ മഹാരാജാവിൽ നിന്ന് വലിയച്ചൻ എന്ന സ്ഥാനപ്പേര് കരസ്ഥമാക്കിയതാര്?
വി. ഫ്രാൻസീസ് അസീസ്സി


www.malankaralibrary.com

2

## മലങ്കര കത്തോലിക്കാ സഭ (1930-2005)

1. പുനരൈക്യ ദിനം?

   1930 സെപ്തംബർ 20

2. പുനരൈക്യ ശില്പി?

   ദൈവദാസൻ മാർ ഈവാനിയോസ്

3. ആദ്യമായി പുനരൈക്യപ്പെട്ടവർ?

   ഗീവർഗ്ഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ, യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ, ഫാ. ജോൺ ഒ.ഐ.സി., അലക്സാണ്ടർ ശെമ്മാശൻ (ഫാ. സെറാഫിൻ ഒ.ഐ.സി.,) കിളീലേത്ത് ചാക്കോ.

4. ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിലുള്ള കത്തോലിക്കാ സഭാ പുനരൈക്യത്തിന് അനുവാദം നൽകിയ മാർപാപ്പ?

   പതിനൊന്നാം പിയൂസ് മാർപാപ്പ

www.malankaralibrary.com

5. ദൈവദാസൻ മാർ ഈവാനിയോസും അനുയായികളും ആരുടെ മുമ്പാകെയാണ് സത്യവിശ്വാസം ഏറ്റുപറഞ്ഞത്?

ആർച്ചുബിഷപ്പ് അലോഷ്യസ് മരിയ ബൻസിഗർ – കൊല്ലം മെത്രാൻ

6. പുനരൈക്യപ്പെട്ട ആദ്യ അഞ്ചുപേരിലെ അൽമായ പ്രതിനിധി?

കിളീലേത്ത് ചാക്കോ

7. ചരിത്രപ്രസിദ്ധമായ പുനരൈക്യം നടന്നതെവിടെവെച്ച്?

കൊല്ലം തങ്കശ്ശേരിയിലുള്ള അരമനചാപ്പലിൽ

8. മലങ്കര ഹയരാർക്കി അനുവദിച്ച മാർപാപ്പ?

പതിനൊന്നാം പിയൂസ് മാർപാപ്പ

9. മലങ്കര ഹയരാർക്കി സ്ഥാപിതമായ ദിനം?

1932 ജൂൺ 11

10. ഏത് തിരുവെഴുത്തിലൂടെയാണ് മലങ്കര കത്തോലിക്കാ ഹയരാർക്കി സ്ഥാപിതമായത്?

ക്രിസ്തോപാസ്തോരും പ്രിൻചിപ്പി

11. മലങ്കര ഹയരാർക്കി സ്ഥാപനത്തിലൂടെ ഏത് കാനോനിക തലത്തിലേക്കാണ് മലങ്കര കത്തോലിക്കാ സഭാ സമൂഹം ഉയർത്തപ്പെട്ടത്?

മെത്രാപ്പോലീത്തൻ സഭ

12. മലങ്കര കത്തോലിക്കാ സഭയിലെ പ്രഥമ ആർച്ചുബിഷപ്പ്?

ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ

13. മലങ്കര കത്തോലിക്കാ ഹയരാർക്കി സ്ഥാപനത്തോടെ രൂപികൃതമായ രൂപതകൾ?

a.തിരുവനന്തപുരം അതിരൂപത, b.തിരുവല്ലാ രൂപത

14. തിരുവല്ലാ രൂപതയുടെ പ്രഥമ മെത്രാപ്പോലീത്താ?

യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ

15. മലങ്കര കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ട മെത്രാൻമാർ?

www.malankaralibrary.com

1).ജോസഫ് മാർ സേവറിയോസ് മെത്രാപ്പോലീത്താ (1930–1953)

2).തോമസ് മാർ ദിയസ്കോറോസ് (1939–1943)

3).പൗലോസ് മാർ പിലിക്സിനോസ് (1977–1998)

16. മലങ്കര കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ട റെമ്പാൻമാർ?

ചേപ്പാട്ട് ഫിലിപ്പോസ് റമ്പാൻ (1930–1979), പുലിക്കോട്ടിൽ ജോസഫ് റമ്പാൻ (1930–1941)

17. സഭയുടെ രണ്ടാമത്തെ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്?

ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ

18. ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ കാലം ചെയ്തതെന്ന്?

1994 ഒക്ടോബർ 10

19. ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായെ തുടർന്ന് സഭയുടെ തലവനായി നിയമിതനായ മെത്രാപ്പോലീത്താ?

സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്താ

20. സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്താ സഭയുടെ തലവനായി സ്ഥാനാരോഹണം ചെയ്തതെന്ന്?

1995 ഡിസംബർ 14

21. യൂറോപ്പിന്റേയും വടക്കേ അമേരിക്കയുടെയും പ്രഥമ അപ്പസ്തോലിക വിസിറ്ററായി നിയമിതനായ മെത്രപ്പോലീത്താ?

ഐസക് മാർ ക്ലീമിസ് മെത്രാപ്പോലീത്താ

22. മലങ്കര കത്തോലിക്കാ സഭയിലെ ആദ്യത്തെ കത്തീഡ്രൽ ദേവാലയം?

സമാധനരാജ്ഞി ദേവാലയം, പാളയം-തിരുവനന്തപുരം

23. ബത്തേരി രൂപതയുടെ പ്രഥമ അദ്ധ്യക്ഷൻ?

സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്താ

24. മാർത്താണ്ഡം രൂപതയുടെ പ്രഥമ അധ്യക്ഷൻ?

ലോറൻസ് മാർ അപ്രേം മെത്രാപ്പോലീത്താ

www.malankaralibrary.com

25. ഏത് രൂപത വിഭജിച്ചാണ് മാർത്താണ്ഡം രൂപത രൂപീകരിച്ചത് ? എന്നാണ് രുപീകരിച്ചത്?

തിരുവനന്തപുരം അതിരൂപത, 1996 ഡിസംബർ 11

26. ഏത് രൂപത വിഭജിച്ചാണ് ബത്തേരി രൂപത രൂപികരിച്ചത്? എന്നാണ് നിലവിൽ വന്നത്?

തിരുവല്ലാ രൂപത, 1978–ൽ

27. മൂവാറ്റുപുഴ രൂപത എന്നാണ് രൂപികൃതമായത്? എത് രൂപത വിഭജിച്ചാണ് മൂവാറ്റുപുഴ രൂപതയ്ക്ക് രൂപം നൽകിയത്?

2003 ഫെബ്രുവരി 6, തിരുവല്ലാ

28. മൂവാറ്റുപുഴ രൂപതയുടെ പ്രഥമ അദ്ധ്യക്ഷൻ?

തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ (2003–2006)

29. വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ മലങ്കര കത്തോലിക്കാ സഭാ സന്ദർശനം നടത്തിയതെന്ന്?

1986 ഫെബ്രുവരി 8ന് തിരുവനന്തപുരത്തെ പട്ടത്തുള്ള സെന്റ് മേരീസ് കത്തീഡ്രൽ അദ്ദേഹം സന്ദർശിച്ചു.

30. മലങ്കര കത്തോലിക്കാ സഭയിലെ മേജർ സെമിനാരി?

സെന്റ് മേരീസ് മലങ്കര സെമിനാരി, നാലാഞ്ചിറ, തിരുവനന്തപുരം

31. ജോൺപോൾ രണ്ടാമൻ മാർപാപ്പ മലങ്കര കത്തോലിക്കാ സഭയ്ക്ക് നൽകിയ വിശേഷണം?

"ലോകത്തിൽ അതിശീഘ്രം വളരുന്ന സഭ"


32. പുനരൈക്യ രജത ജൂബിലി ആഘോഷിച്ചത് എവിടെ വെച്ചായിരുന്നു?

1958–ൽ വാകയാറിൽ

33. പുനരൈക്യ സുവർണ്ണ ജൂബിലി എവിടെവെച്ചാണ് ആഘോഷിച്ചത്?

1980–ൽ കോട്ടയത്ത്

www.malankaralibrary.com



# 3. മലങ്കര കത്തോലിക്കാ സഭ

3

## മേജർ ആർക്കി എപ്പിസ്കോപ്പൽ സഭ (2005)

1. മെത്രാപ്പോലീത്തൻ സഭ എന്ന തലത്തിൽ നിന്ന് മേജർ ആർക്കി എപ്പിസ്കോപ്പൽ തലത്തിലേക്ക് മലങ്കര കത്തോലിക്കാ സഭ എന്നാണ് ഉയർത്തപ്പെട്ടത്?

   2005 ഫെബ്രുവരി 10

2. മലങ്കര കത്തോലിക്കാ സഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തിയ മാർപാപ്പ?

   വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ

3. മലങ്കര കത്തോലിക്കാസഭയിലെ പ്രഥമ മേജർ ആർച്ചു ബിഷപ്പും കാതോലിക്കാ ബാവായും ആരായിരുന്നു?

   മേജർ ആർച്ചു ബിഷപ്പ് സിറിൽ ബസേലിയോസ് കാതോലിക്കാ ബാവ

4. മലങ്കര കത്തോലിക്കാ സഭയുടെ ദിദ്വീയ മേജർ ആർച്ചു ബിഷപ്പ് കതോലിക്കോസ്?

   ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവ

www.malankaralibrary.com

5. മേജർ ആർച്ചു ബിഷപ്പ് ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ എന്നാണ് കർദ്ദിനാൾ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടത്?

2012 നവംബർ 24

6. മേജർ ആർച്ചു ബിഷപ്പ് ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവയെ കർദ്ദിനാൾ സ്ഥാനത്തേക്ക് ഉയർത്തിയ മാർപാപ്പ? ഔദ്യോഗിക പ്രഖ്യാപനം എന്നായിരുന്നു?

ബനഡിക്ട് പതിനാറാമൻ മാർപാപ്പ, 2012 ഒക്ടോബർ 24

7. മലങ്കര കത്തോലിക്കാ സഭാ സൂന്നഹദോസിന്റെ / സിനഡിന്റെ പേര്?

മലങ്കര കാത്തലിക് എപ്പിസ്കോപ്പൽ സിനഡ് (MCES)

8. സിനഡിന്റെ ആസ്ഥാനം?

കതോലിക്കേറ്റ് സെന്റർ, പട്ടം, തിരുവനന്തപുരം

9. സിനഡിന്റെ ഔദ്യോഗിക ബുളറ്റിന്റെ പേര്?

മലങ്കര

10. മലങ്കര കത്തോലിക്കാ സഭയിൽ കാതോലിക്കേറ്റ് സ്ഥാപിതമായ തെന്ന്?

2005 ഫെബ്രുവരി 10

11. മലങ്കര കത്തോലിക്കാ സഭയുടെ പ്രഥമ ഔദ്യോഗിക എപ്പിസ്കോപ്പൽ സൂന്നഹദോസ് എന്നായിരുന്നു?

2005 ആഗസ്റ്റ് 16-18 വരെ

12. പ്രഥമ ഔദ്യോഗിക സൂന്നഹദോസിൽ അധ്യക്ഷത വഹിച്ചത് ആര്?

മേജർ ആർച്ചു ബിഷപ്പ് സിറിൽ ബസേലിയോസ് കാതോലിക്കാ ബാവ

13. കാതോലിക്കാ പതാകയിലെ ആപ്തവാക്യം?

അവരെല്ലാവരും ഒന്നായിരിക്കേണ്ടതിന്

14. മലങ്കര കത്തോലിക്കാ സഭയിലുള്ള ബസിലിക്ക ദേവാലയം?

സമാധാന രാജ്ഞി ബസ്ലിക്ക, പാളയം, തിരുവനന്തപുരം

www.malankaralibrary.com

15. മലങ്കര കത്തോലിക്കാ സഭ പിന്തുടരുന്ന കാനൻ സംഹിത?

പൗരസ്ത്യ കാനൻ നിയമങ്ങൾ

16. കതോലിക്കാ ബാവയായി ഐസക് മാർ ക്ലീമീസ് മെത്രാപ്പോലീത്തായെ പരി. സൂന്നഹദോസ് തിരഞ്ഞെടുത്തത് എന്ന്?

2007 ഫെബ്രുവരി 10

17. മേജർ ആർച്ചുബിഷപ്പ് സിറിൽ ബസേലിയോസ് കാതോലിക്കാ ബാവ കാലം ചെയ്തതിനെത്തുടർന്ന് സഭയുടെ അഡ്മിനിസ്ട്രേറ്റർ ആയിരുന്ന മെത്രാപ്പോലീത്താ?

ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ

18. 2005ൽ പുനരൈക്യ പ്ലാറ്റിനം ജൂബിലിയാഘോഷങ്ങൾ നടന്നതെവിടെ?

മാവേലിക്കരയിൽ

19. ദൈവദാസൻ മാർ ഈവാനിയോസിന്റെ ഓർമ്മ ഏത് ദിവസമാണ് സഭയിൽ ആചരിക്കുന്നത്?

ജൂലൈ 15

20. ആർച്ചുബിഷപ്പ് മാർ ഈവാനിയോസിനെ ദൈവദാസനായി പ്രഖ്യാപിച്ചത് എന്ന്?

2007 ജൂലൈ 14

21. ആർച്ചുബിഷപ്പ് മാർ ഈവാനിയോസിനെ ദൈവദാസനായി പ്രഖ്യാപിച്ചതാര്?

മേജർ ആർച്ച്ബിഷപ്പ് ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ

22. ദൈവദാസൻ മാർ ഈവാനിയോസിന്റെ തിരുമേനിയുടെ നാമകരണ നടപടികളുടെ ഭാഗമായി കബർ തുറന്നുള്ള കാനോനിക പരിശോധന നടത്തിയതെന്ന്?

2014 ജൂൺ 23

23. പ്രഥമ മലങ്കര കത്തോലിക്കാ സഭാ അസംബ്ലി എന്നായിരുന്നു?

2011 സെപ്തംബർ 21–23

www.malankaralibrary.com

24. പ്രഥമ മലങ്കര കത്തോലിക്കാ സഭാ അസംബ്ലി സമ്മേളിച്ചത് എവിടെ?

കാതോലിക്കേറ്റ് സെന്റർ, പട്ടം, തിരുവനന്തപുരം

25. പ്രഥമ സഭാ അസംബ്ലിയുടെ ചർച്ചാ വിഷയം എന്തായിരുന്നു?

സുവിശേഷകയായ മലങ്കര സുറിയാനി കത്തോലിക്കാ സഭ

26. മലങ്കര കത്തോലിക്കാ സഭയിൽ നിലവിലുള്ള (2015) എക്സാർക്കേറ്റുകൾ?

മലങ്കര കത്തോലിക്കാ എക്സാർക്കേറ്റ് അമേരിക്ക, കടുക്കി (മഹാരാഷ്ട്ര)

27. മലങ്കര കത്തോലിക്കാ സഭയിലെ ആദ്യത്തെ മെത്രാപ്പോലീത്തൻ ആർച്ചു ബിഷപ്പ്?

ദൈവദാസൻ ആർച്ചുബിഷപ് മാർ ഈവാനിയോസ് മെത്രാപ്പോ ലീത്താ

28. സഭയിലെ ആദ്യത്തെ മേജർ ആർച്ചുബിഷപ്-കാതോലിക്കോസ്?

മേജർ ആർച്ചുബിഷപ്പ് സിറിൽ ബസേലിയോസ് കാതോലിക്കാ ബാവ

29. സഭയിൽ നിന്നും ആദ്യമായി കർദ്ദിനാൾ സ്ഥാനത്തേക്ക് ഉയർത്ത പ്പെട്ട മെത്രാപ്പോലീത്താ?

മേജർ ആർച്ചുബിഷപ്പ് ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവ

30. സഭയിൽ നിന്ന് ദൈവദാസൻമാരുടെ പദവിയിലേക്ക് ഉയർത്തപ്പെട്ട മെത്രാപ്പോലീത്താ?

ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ




4

# മലങ്കര കത്തോലിക്കാ സഭാമേലദ്ധ്യക്ഷൻമാർ

**1. മേജർ ആർച്ചുബിഷപ്പ് ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവ**



**മലങ്കര കത്തോലിക്കാ സഭാ മേലദ്ധ്യക്ഷൻ**

ജനനം : 1959 ജൂൺ 15, മുക്കൂർ

പൗരോഹിത്യം : 1986 ജൂൺ 11

മെത്രാഭിഷേകം : 2001 ഓഗസ്റ്റ് 15

നാമഹേതുകതിരുനാൾ : ജനുവരി 1


തിരുവനന്തപുരം അതിരൂപതയുടെ സഹായമെത്രാൻ-യൂറോപ്പിന്റേയും വടക്കേ അമേരിക്കയുടേയും പ്രഥമ അപ്പസ്തോലിക വിസിറ്റർ (2001)
തിരുവല്ലാ അതിരൂപതയുടെ പ്രഥമ അദ്ധ്യക്ഷൻ (2006)

മലങ്കര കത്തോലിക്കാ സഭാമേലധ്യക്ഷൻ (2007)

കർദ്ദിനാൾ (2012)

www.malankaralibrary.com

**2. ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ**
**തിരുവല്ലാ അതിരൂപത മെത്രാപ്പോലീത്താ**



ജനനം : 1958 ഒക്ടോബർ 19 നിരണം

പൗരോഹിത്യം: 1985 ഡിസംബർ 30

മെത്രാഭിഷേകം: 1997 ജൂലൈ 17

തിരുവല്ലാ രൂപത സഹായമെത്രാൻ (1997) മൂവാറ്റുപുഴ രൂപത മെത്രാൻ (2003–2006) തിരുവല്ലാ അതിരൂപത മെത്രാപ്പോലീത്താ (2007–)

**3. ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ**
**പുത്തൂർ രൂപതാദ്ധ്യക്ഷൻ**



ജനനം : 1950 നവംബർ 1, കുന്നന്താനം

പൗരോഹിത്യം : 1978 ഏപ്രിൽ 20

മെത്രാഭിഷേകം : 1997 ഫെബ്രുവരി 5

ബത്തേരി രൂപതാദ്ധ്യക്ഷൻ (1997–2010)

പുത്തൂർ രൂപതയുടെ പ്രഥമ അദ്ധ്യക്ഷൻ (2010–)

**4. യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ**

പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ



ജനനം : 1944 മെയ് 19 കടമ്മനിട്ട

പൗരോഹിത്യം : 1973 മെയ് 5

മെത്രാഭിഷേകം : 1998 ജൂൺ 29

മാർത്താണ്ഡം രൂപതാദ്ധ്യക്ഷൻ (1998–2010),

പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ (2010–)

www.malankaralibrary.com

**5. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്താ**
**മാവേലിക്കര രൂപതാദ്ധ്യക്ഷൻ**



ജനനം : 1950 മെയ് 4, കൊട്ടാരക്കര

പൗരോഹിത്യം : 1978 ഏപ്രിൽ 2

മെത്രാഭിഷേകം : 1998 ജൂൺ 29

തിരുവനന്തപുരം അതിരൂപത സഹായ മെത്രാൻ (1998)

മാവേലിക്കര രൂപതയുടെ പ്രഥമ മെത്രാപ്പോലീത്താ (2007)

**6. ജോസഫ് മാർ തോമസ് മെത്രാപ്പോലീത്താ**
**ബത്തേരി രൂപതാദ്ധ്യക്ഷൻ**



ജനനം : 1952 ഏപ്രിൽ 20, വടശ്ശേരിക്കര

പൗരോഹിത്യം : 1978 ഡിസംബർ 23

മെത്രാഭിഷേകം : 2005 ഫെബ്രുവരി 19

തിരുവനന്തപുരം അതിരൂപതയുടെ സഹായ മെത്രാനും യൂറോപ്പിന്റേയും വടക്കേ അമേരിക്കയുടെയും അപ്പസ്തോലിക് വിസിറ്ററും (2005) ബത്തേരി രൂപതയുടെ മെത്രാപ്പോലീത്താ (2010–)

**7. വിൻസന്റ് മാർ പൗലോസ് മെത്രാപ്പോലീത്താ**
**മാർത്താണ്ഡം രൂപതാദ്ധ്യക്ഷൻ**



ജനനം : 1964 ഫെബ്രുവരി 20

പൗരോഹിത്യം : 1991 ജനുവരി 2

മെത്രാഭിഷേകം : 2010 മാർച്ച് 13

മാർത്താണ്ഡം രൂപതയുടെ മെത്രാപ്പോലീത്താ (2010–)

www.malankaralibrary.com

**8. എബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലീത്താ**
**മൂവാറ്റുപുഴ രൂപതാദ്ധ്യക്ഷൻ**



ജനനം : 1945 മെയ് 25, കടമാൻകുളം

പൗരോഹിത്യം : 1970 ഒക്ടോബർ 10

മെത്രാഭിഷേകം : 2008 ഫെബ്രുവരി 9

മൂവാറ്റുപുഴ രൂപതാ മെത്രാപ്പോലീത്താ (2008–)

**9. ജേക്കബ് മാർ ബർണബാസ് മെത്രാപ്പോലീത്താ**
**ഗുഡ്ഗാവ് രൂപതാദ്ധ്യക്ഷൻ**



ജനനം : 1960 ഡിസംബർ 3, നീരേറ്റുകാവ്

പൗരോഹിത്യം : 1986 ഒക്ടോബർ 2

മെത്രാഭിഷേകം : 2007 മാർച്ച് 10

ഗുഡ്ഗാവ് രൂപതാദ്ധ്യക്ഷൻ (2015)

**10. തോമസ് മാർ യൗസേബിയൂസ് മെത്രാപ്പോലീത്താ**
**അമേരിക്കൻ എക്സാർക്കേറ്റ് അദ്ധ്യക്ഷൻ**




ജനനം : 1961 ജൂൺ 6

പൗരോഹിത്യം : 1986 ഡിസംബർ 29

മെത്രാഭിഷേകം : 2010 സെപ്റ്റംബർ 21

അമേരിക്കയിൽ സ്ഥാപിതമായ എക്സാർക്കേറ്റിന്റെ അദ്ധ്യക്ഷൻ (2010–)

**11. തോമസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്താ**
**കടുക്കി എക്സാർക്കേറ്റ് അദ്ധ്യക്ഷൻ**



ജനനം : 1955 നവംബർ 27, അടൂർ

പൗരോഹിത്യം : 1980 ഡിസംബർ 27

മെത്രാഭിഷേകം : 2010 മാർച്ച് 13


കൂരിയയുടെ മെത്രാൻ (2010–2015)

കടുക്കി എക്സാർക്കേറ്റ് അദ്ധ്യക്ഷൻ (2015–)

www.malankaralibrary.com

**12. സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ**

**തിരുവനന്തപുരം മേജർ അതിരൂപത സഹായമെത്രാൻ**



ജനനം : 1952 മെയ് 13, കടമനിട്ട

പൗരോഹിത്യം : 1978 ഡിസംബർ 22

മെത്രാഭിഷേകം : 2010 മാർച്ച് 13

തിരുവനന്തപുരം മേജർ അതിരൂപത സഹായമെത്രാൻ (2010–)

**13. ഫിലിപ്പോസ് മാർ സ്തേഫാനോസ് മെത്രാപ്പോലീത്താ**

**തിരുവല്ലാ അതിരൂപത സഹായമെത്രാൻ**



ജനനം : 1952 മെയ് 9, കരിമ്പനാംകുഴി

പൗരോഹിത്യം : 1979 ഏപ്രിൽ 27


മെത്രാഭിഷേകം : 2010 മാർച്ച് 13

തിരുവല്ലാ അതിരൂപത സഹായമെത്രാൻ (2010)

**14. ഗീവർഗ്ഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ**

**തിരുവല്ലാ രൂപത മുൻ അദ്ധ്യക്ഷൻ**

ജനനം : 1928 ഫെബ്രുവരി 2, അമയന്നൂർ



പൗരോഹിത്യം : 1953 ഓഗസ്റ്റ് 24

മെത്രാഭിഷേകം : 1988 ഓഗസ്റ്റ് 6

തിരുവല്ലാ രൂപതാദ്ധ്യക്ഷൻ (1988–)

www.malankaralibrary.com



5

# ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ

1. ജനനം : 1882 സെപ്തംബർ 21
2. ജന്മസ്ഥലം : മാവേലിക്കര
3. മാതാപിതാക്കൾ :
   മാവേലിക്കര പണിക്കരുവീട്ടിൽ തോമാ പണിക്കരും, അന്നാമ്മയും
4. ജ്ഞാനസ്നാന നാമം : ഗീവർഗീസ്
5. മാമ്മോദീസാവേദിയായ ദേവാലയം
   പുതിയകാവ് യാക്കോബായ പള്ളി
6. ഹൈസ്കൂൾ വിദ്യഭ്യാസം പൂർത്തിയാക്കിയത് ഏത് സ്കൂളിലാണ്?
   എം.ഡി.സെമിനാരി ഹൈസ്കൂൾ, കോട്ടയം
7. ശെമ്മാശപട്ടം സ്വീകരിച്ച വർഷം?
   1900 ജനുവരി 9

www.malankaralibrary.com

8. ശെമ്മാശപട്ടം നൽകിയ മെത്രാൻ?
പുലിക്കോട്ടിൽ മാർ ദിവന്നാസിയോസ്
9. ഏത് കോളേജിൽ നിന്നാണ് ബി.എ. പഠനം പൂർത്തീകരിച്ചത്?
മദ്രാസ് ക്രിസ്ത്യൻ കോളേജ്
10. എം.എ.പഠനത്തിന്റെ ഭാഗമായി തയ്യാറാക്കിയ പ്രബന്ധം?
'സുറിയാനി ക്രിസ്ത്യാനികൾ നെസ്തോറിയർ ആയിരുന്നുവോ?'
11. വൈദികപട്ടം സ്വീകരിച്ച വർഷം?
1908 ആഗസ്റ്റ് 15
12. ബഥനി മിശിഹാനുകരണ സന്യാസസമൂഹം സ്ഥാപിതമായ വർഷം?
1919 ആഗസ്റ്റ് 15
13. മാർ ഈവാനിയോസിനാൽ സ്ഥാപിതമായ സന്യാസസമൂഹങ്ങൾ?
ബഥനി മിശിഹാനുകരണ സന്യാസസമൂഹവും ബഥനി മിശിഹാനുകരണ സന്യാസിനി സമൂഹവും (OIC,SIC)
14. ആദ്യ ആശ്രമം സ്ഥാപിച്ച സ്ഥലം?
പെരുന്നാട് മുണ്ടൻമല
15. മാർ ഈവാനിയോസിനെ പ്രൊഫസറാകുവാൻ സെറാംപൂർ കോളേജിലേക്ക് ക്ഷണിച്ച കോളേജ് പ്രിൻസിപ്പൽ?
ഡോക്ടർ ഹൗവ്വൽസ്
16. സെറാമ്പൂരിൽ സേവനം അനുഷ്ഠിച്ചത് എന്നു മുതൽ എന്നുവരെ?
1913 മുതൽ 1919 വരെ
17. സന്യാസിനി സമൂഹ രൂപികരണവുമായി മാർ ഈവാനിയോസിനെ സഹായിച്ച വിദേശ സന്യാസിനി?
മദർ ഈഡിത്ത്
18. 'ബഥനി മിശിഹാനുകരണ സന്യാസിനി സമൂഹം സ്ഥാപിക്കുന്നതിൽ അത്യുത്സാഹത്തോടെ അശ്രാന്തം പണിപ്പെട്ടവൾ'. എന്ന് ദൈവദാസൻ മാർ ഈവാനിയോസ് പരാമർശിക്കുന്ന യൂറോപ്യൻ കന്യാസ്ത്രീ?
സി. ഹെലൻ
19. പെരുന്നാട് മുണ്ടൻ മലയിൽ ബഥനി ആശ്രമം സ്ഥാപിക്കുന്നതിനുള്ള സ്ഥലം നൽകിയ വ്യക്തി?
ഇലഞ്ഞിക്കൽ ഇ.ജെ.ജോൺ

www.malankaralibrary.com

20. ബഥനി ആശ്രമത്തിന്റെ നിയമാവലിക്ക് അടിസ്ഥാനമായി ഏത് സന്യാസസമൂഹത്തിന്റെ നിയമാവലിയാണ് മാർ ഈവാനിയോസ് സ്വീകരിച്ചത്?

    വി. ബസേലിയോസിന്റെ സന്യാസാശ്രമ നിയമങ്ങൾ

21. ആശ്രമസ്ഥനായിരുന്ന ഫാ. പി.റ്റി.ഗീവർഗീസ് അച്ചൻ അറിയപ്പെട്ടിരുന്നത് ഏത് പേരിലാണ്?

    ആബോ ഗീവർഗീസ്

22. മാർ ഈവാനിയോസ് പിതാവിനെ ഭാരതസന്യാസ സമൂഹത്തിന്റെ ഭാവങ്ങൾ ഉൾക്കൊള്ളാൻ സഹായിച്ച അക്കാലത്തെ രണ്ട് ഉത്തരേന്ത്യൻ ആശ്രമങ്ങൾ?

    1.ഗാന്ധിജിയുടെ സബർമതി ആശ്രമം 2.മഹാകവി ടാഗോറിന്റെ ശാന്തിനികേതൻ

23. ഫാദർ ഗീവർഗീസ് മെത്രാൻ പദവിയിലേക്കുയർത്തപ്പെട്ട വർഷം?

    1925 മേയ് 1

24. ഈവാനിയോസ് എന്ന നാമം ഏത് വിശുദ്ധന്റെ പേരിന്റെ പര്യായമാണ്?

    വി. യോഹന്നാൻ

25. ഏതിന്റെ മെത്രാപ്പോലീത്തായായിട്ടാണ് മാർ ഈവാനിയോസ് അഭിഷിക്തനായത്?

    ബഥനിയുടെ മെത്രാപ്പോലീത്തയായി

26. ബഥനി മിശിഹാനുകരണ സന്യാസിനി സമൂഹത്തിലെ ആദ്യ മൂന്ന് അംഗങ്ങൾ സന്യാസപ്രതിഷ്ഠ നടത്തിയ വർഷം?

    1925 സെപ്റ്റംബർ 21

27. മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ മുമ്പാകെ വ്രതവാഗ്ദാനം നടത്തിയ ബഥനി മിശിഹാനുകരണ സന്യാസിനി സമൂഹത്തിലെ ആദ്യ മൂന്ന് അംഗങ്ങൾ?

    ശൈനൊ, ഹൂബാ, ദനഹ

28. കത്തോലിക്കാ സഭയുമായുള്ള പുനരൈക്യത്തിനുവേണ്ട എഴുത്തുകുത്തുകൾ നടത്തുന്നതിന് മാർ ഈവാനിയോസിനെ നിയോഗിച്ച ഓർത്തഡോക്സ് സഭയുടെ സൂന്നഹദോസ്?

    പരുമല സൂന്നഹദോസ്

www.malankaralibrary.com

29. ആരു മുഖേനയാണ് മാർ ഈവാനിയോസ് തിരുമേനി കത്തോലിക്കാസഭയുമായുള്ള പുനരൈക്യാർത്ഥം റോമിലേക്ക് മെമ്മോറാണ്ടങ്ങൾ അയച്ചത്?

ഫാ. ജോൺ റിബേര ഡി.ഡി.

30. പുനരൈക്യത്തിന് ഏറ്റവും ശക്തമായ സഹായസഹകരണങ്ങൾ നൽകിയ മാർപാപ്പയുടെ ഇന്ത്യയിലെ അപ്പസ്തോലിക് ഡലഗേറ്റ്?

മാർ എഡ്വേർഡ് മൂണി

31. മാർ ഈവാനിയോസിനും അനുയായികൾക്കും കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെടുന്നതിന് അനുവാദം നൽകിയ മാർപാപ്പ?

പതിനൊന്നാം പീയൂസ് മാർപാപ്പ

32. മാർ ഈവാനിയോസും അനുയായികളും ആരുടെ മുമ്പാകെയാണ് കത്തോലിക്കാസഭാവിശ്വാസം ഏറ്റുപറഞ്ഞത്?

ആർച്ചുബിഷപ്പ് അലോഷ്യസ് മരിയ ബൻസിഗർ - കൊല്ലം രൂപത

33. ചരിത്രപ്രസിദ്ധമായ പുനരൈക്യം നടന്നത് എവിടെവെച്ച്?

കൊല്ലം തങ്കശ്ശേരിയിലെ അരമനചാപ്പലിൽ

34. മാർ ഈവാനിയോസിനെയും അനുയായികളേയും കത്തോലിക്കാസഭയിലേക്ക് സ്വീകരിച്ചുകൊണ്ട് പതിനൊന്നാം പിയൂസ് മാർപാപ്പ അയച്ച കമ്പി സന്ദേശം?

സ്വാഗതം, വലിയ സ്വാഗതം / Welcome, Big Welcome

35. ആധുനിക ക്രൈസ്തവ സഭാചരിത്രത്തിലെ ശ്രദ്ധേയമായ സംഭവവികാസമെന്ന് കത്തോലിക്കാസഭയുമായുള്ള പുനരൈക്യത്തെ വിശേഷിപ്പിച്ച അമേരിക്കൻ പ്രസിദ്ധീകരണം?

സൈൻ മാസിക

36. പുനരൈക്യത്തിന് ശേഷം 1930 സെപ്തംബർ 21ന് മാർ ഈവാനിയോസ് തിരുമേനി ആദ്യമായി ബലിയർപ്പിച്ചത് എവിടെ?

കൊല്ലം മെത്രാസനമന്ദിര ചാപ്പലിൽ

37. പുനരൈക്യത്തിന്റെ ആദ്യനാളുകളുൽ മാർ ഈവാനിയോസ് തിരുമേനി പുനരൈക്യപ്പെടുത്തിയ രണ്ട് റമ്പാൻമാർ?

ചേപ്പാട്ട് പീലിപ്പോസ് റമ്പാൻ, പുലിക്കോട്ട് ജോസഫ് റമ്പാൻ

38. ഡെയ്‌ലി ന്യൂസ് എന്ന പത്രത്തിൽ പ്രസിദ്ധീകരിച്ച മാർ ഈവാനിയോസ് പിതാവിന്റെ ഫോട്ടോയുടെ അടിക്കുറിപ്പ് എന്തായിരുന്നു?

The most photographed person of the year

www.malankaralibrary.com

39. 1932-ൽ എവിടെവെച്ച് നടന്ന അഖിലലോക ദിവ്യകാരുണ്യ കോൺഗ്രസിലാണ് മാർ ഈവാനിയോസ് പങ്കെടുത്തത്?

    അയർലണ്ടിലുള്ള ഡബ്ലിനിൽ

40. ജി.കെ.ചെസ്റ്റർടൻ മാർ ഈവാനിയോസിനെക്കുറിച്ച് വിവരണം എഴുതിയത് ഏത് പത്രത്തിൽ?

    ലണ്ടനിൽനിന്ന് പ്രസിദ്ധീകരിച്ച യൂണിവേഴ്സ് പത്രത്തിൽ

41. മാർ ഈവാനിയോസ് ആദ്യമായി മാർപാപ്പയെ സന്ദർശിച്ച വർഷം?

    1932 ഏപ്രിൽ 26

42. മാർ ഈവാനിയോസിന്റെ ആദ്യസന്ദർശനവേളയിൽ പതിനൊന്നാം പീയൂസ് മാർപാപ്പ പറഞ്ഞ ചരിത്രപ്രസിദ്ധമായ വാചകം?

    താങ്കൾ എന്റെ നല്ല മകനാണ് (You are my good son)

43. ദൈവദാസൻ മാർ ഈവാനിയോസിന്റെ ആത്മകഥ?

    ഗിരിദീപം

44. മാർ ഈവാനിയോസ് പിതാവിനെക്കുറിച്ച് ഇംഗ്ലീഷിൽ 'മാർ ഈവാനിയോസ്' എന്ന ഗ്രന്ഥം രചിച്ച അയർലണ്ടുകാരി?

    മിസ് ഗിബൻസ്

45. 'അന്ധകാരമദ്ധ്യേ ഞങ്ങൾക്കാശ്വാസമേകാൻ വന്ന പൊൻതാരമേ ജയിച്ചാലും മേൽക്കുമേൽ ഭൂമൗ' എന്ന് മാർ ഈവാനിയോസ് പിതാവിനെക്കുറിച്ച് പാടിയ മഹാകവി?

    വള്ളത്തോൾ

46. എപ്പിസ്ക്കോപ്പൽ ഭരണത്തിന്റെ പരിപൂർണ്ണ ചുമതലയായ 'പാലിയം' ആരിൽനിന്നാണ് മാർ ഈവാനിയോസ് സ്വീകരിച്ചത്?

    പതിനൊന്നാം പീയൂസ് മാർപാപ്പയിൽനിന്ന്

47. മലങ്കര കത്തോലിക്കാസഭയിലെ പ്രഥമ ആർച്ചുബിഷപ്പ്?

    ദൈവദാസൻ മാർ ഈവാനിയോസ്

48. കാലിഫോർണിയായിലെ ഏത് യൂണിവേഴ്സിറ്റിയാണ് പരമോന്നത ബഹുമതിയായ ഡോക്ടർ ഓഫ് ലോ നൽകി മാർ ഈവാനിയോസിനെ ആദരിച്ചത്?

    സാൻ ഫ്രാൻസിസ്കോ യൂണിവേഴ്സിറ്റി

49. മാർ ഈവാനിയോസ് പിതാവിനാൽ സ്ഥാപിതമായ പ്രശസ്തമായ കോളേജ്?

    മാർ ഈവാനിയോസ് കോളേജ്, തിരുവനന്തപുരം

www.malankaralibrary.com

50. മാർ ഈവാനിയോസ് പിതാവിനെ രോഗക്കിടക്കയിൽ സന്ദർശിച്ച ഇന്റർനൂൺഷ്യോ?

    മോൺ. മാർട്ടിൻ ലൂക്കോസ്

51. മാർ ഈവാനിയോസ് തന്റെ സഹായ മെത്രാനായി വാഴിച്ചത് ആരെയാണ്?

    ബനഡിക്ട് മാർ ഗ്രിഗോറിയോസിനെ

52. ബനഡിക്ട് മാർ ഗ്രിഗോറിയോസിനെ സഹായ മെത്രാനായി വാഴിച്ചത് എന്ന്?

    1953 ജനുവരി 29

53. ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ കാലം ചെയ്തതെന്ന്?

    1953 ജൂലൈ 15

54. മാർ ഈവാനിയോസ് പിതാവിന്റെ ഭൗതികശരീരം അന്ത്യവിശ്രമം കൊള്ളുന്നത് എവിടെയാണ്?

    സെന്റ് മേരീസ് കത്തീഡ്രൽ, പട്ടം, തിരുവനന്തപുരം

55. 'ബഥനിയുടെ കണ്ണാടി' എന്ന് വിശേഷിപ്പിക്കുന്ന ദൈവദാസൻ മാർ ഈവാനിയോസിന്റെ ഗ്രന്ഥം?

    ഗിരിദീപം

56. മാർ ഈവാനിയോസ് പിതാവിന്റെ ആപ്തവാക്യം?

    ദൈവസേവനത്തേക്കാൾ അത്യുത്തമം ദൈവസമ്പാദനം

57. മാർ ഈവാനിയോസിനെ ദൈവദാസനായി പ്രഖ്യാപിച്ചതെന്ന്?

    2007 ജൂലൈ 14

58. മാർ ഈവാനിയോസിനെ ദൈവദാസനായി പ്രഖ്യാപിച്ചതാര്?

    മേജർ ആർച്ചുബിഷപ്പ് ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ

59. മാർ ഈവാനിയോസിനെ വിശുദ്ധ പദവിയിലേക്കുയർത്തുന്നതിനുള്ള നാമകരണ നടപടികൾക്ക് തുടക്കം കുറിച്ച മലങ്കരസഭാദ്ധ്യക്ഷൻ?

    മേജർ ആർച്ചുബിഷപ്പ് സിറിൽ ബസേലിയോസ് കാതോലിക്കാബാവ

60. മാർ ഈവാനിയോസിനെ വൈദികപദവിയിലേക്കുയർത്തിയ മെത്രാപ്പോലീത്ത?

    വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ

www.malankaralibrary.com

61. 1934 ജൂൺ 21-ന് മാർ ഈവാനിയോസ് ആരംഭം കുറിച്ച മൈനർ സെമിനാരി?

സെന്റ് അലോഷ്യസ് മൈനർ സെമിനാരി, പട്ടം, തിരുവനന്തപുരം

62. ദൈവദാസൻ മാർ ഈവാനിയോസിന്റെ ഓർമ്മ ഏത് ദിവസമാണ് സഭയിൽ ആചരിക്കുന്നത്?

ജൂലൈ 15

63. നാമകരണ നടപടികളുടെ ഭാഗമായി ദൈവദാസൻ മാർ ഈവാനിയോസിന്റെ കബറിടം തുറന്ന് പരിശോധന നടത്തിയതെന്ന്?

2014 ജൂൺ 23

64. നാമകരണ നടപടികളുടെ ഭാഗമായുള്ള കബറിടം തുറക്കൽ ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചതാര്?

മേജർ ആർച്ചുബിഷപ്പ് ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവ

www.malankaralibrary.com




6

# പ്രോവിൻസുകളും രൂപതകളും

1. മലങ്കര കത്തോലിക്കാ സഭയിൽ രൂപംകൊണ്ട ആദ്യ രണ്ട് രൂപതകൾ?

   തിരുവനന്തപുരം അതിരൂപത, 2.തിരുവല്ലാ രൂപത

2. തിരുവനന്തപുരം അതിരൂപതയും തിരുവല്ലാ രൂപതയും നിലവിൽ വന്നതെന്ന്?

   1932 ജൂൺ 11

3. മലങ്കര കത്തോലിക്കാ സഭയുടെ പ്രഥമ മെത്രാപ്പോലീത്തൻ ആർച്ചു ബിഷപ്പ്?

   ആർച്ചു ബിഷപ്പ് ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ

4. മലങ്കര കത്തോലിക്കാ സഭയുടെ പ്രഥമ മേജർ ആർച്ചു ബിഷപ്പ് – കാതോലിക്കോസ്?

   മേജർ ആർച്ചുബിഷപ്പ് സിറിൽ ബസേലിയോസ് കാതോലിക്കാ ബാവ

www.malankaralibrary.com

5. മലങ്കര കത്തോലിക്കാ സഭയിൽ നിലവിൽ എത്ര പ്രോവിൻസുകളാണ് ഉള്ളത്? അവ ഏവ?

രണ്ട് പ്രോവിൻസുകൾ 1.തിരുവനന്തപുരം 2.തിരുവല്ലാ

6. നിലവിൽ (2015) മലങ്കര കത്തോലിക്കാ സഭയിൽ എത്ര രൂപതകളാണുള്ളത്?

രണ്ട് അതിരൂപതകളും ഏഴ് രൂപതകളും

7. അതിരൂപതകൾ ഏവ?

1. തിരുവനന്തപുരം മേജർ അതിരൂപത 2.തിരുവല്ലാ അതിരൂപത

8. രൂപതകൾ?

ബത്തേരി, മാർത്താണ്ഡം, മൂവാറ്റുപുഴ, മാവേലിക്കര, പത്തനംതിട്ട, പുത്തൂർ, ഗുഡ്ഗാവ്

9. ഏറ്റവും അവസാനമായി രൂപംകൊണ്ട ഭദ്രാസനം?

ഗുഡ്ഗാവ് (2015)

10. പ്രോവിസുകളും അവയുടെ കീഴിൽ വരുന്ന രൂപതകളും?

തിരുവനന്തപുരം പ്രോവിൻസിന് (മേജർ അതി ഭദ്രാസനത്തിനും) കീഴിൽ വരുന്ന രൂപതകൾ?

1. മാർത്താണ്ഡം 2. മാവേലിക്കര 3. പത്തനംതിട്ട

തിരുവല്ലാ (അതിരൂപത) പ്രോവിൻസിനു കീഴിൽ വരുന്ന രൂപതകൾ?

1. ബത്തേരി 2. മൂവാറ്റുപുഴ 3. പുത്തൂർ

11. മാർത്താണ്ഡം രൂപതയുടെ പ്രഥമ അദ്ധ്യക്ഷൻ?

ലോറൻസ് മാർ അപ്രേം മെത്രാപ്പോലീത്താ

12. മൂവാറ്റുപുഴ രൂപതയുടെ പ്രഥമ അദ്ധ്യക്ഷൻ?

തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ

13. മാവേലിക്കര രൂപതയുടെ പ്രഥമ അദ്ധ്യക്ഷൻ?

ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്താ

14. പത്തനംതിട്ട രൂപതയുടെ പ്രഥമ അദ്ധ്യക്ഷൻ?

യൂഹനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ

15. പുത്തൂർ രൂപതയുടെ പ്രഥമ അദ്ധ്യക്ഷൻ?

ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ

www.malankaralibrary.com

16. മലങ്കര കത്തോലിക്കാ സഭയിലെ രൂപതകളും രൂപതാദ്ധ്യക്ഷൻമാരും?

**1. തിരുവനന്തപുരം മേജർ അതിഭദ്രാസനം**

മേജർ ആർച്ചുബിഷപ്പ് ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കതോലിക്കാ ബാവ

സഹായമെത്രാൻ : സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത

**2. തിരുവല്ല അതിരൂപത**

ആർച്ചുബിഷപ്പ് തോമസ് കൂറിലോസ് മെത്രാപ്പോലീത്ത

സഹായമെത്രാൻ : ഫിലിപ്പോസ് മാർ സ്തേഫാനോസ് മെത്രാപ്പോലീത്ത

3. **ബത്തേരി രൂപത**

   ജോസഫ് മാർ തോമസ് മെത്രാപ്പോലീത്താ

4. **മാർത്താണ്ഡം രൂപത**

   വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലീത്താ

5. **മൂവാറ്റുപുഴ രൂപത**

   അബ്രഹാം മാർ യൂലിയോസ്

6. **മാവേലിക്കര രൂപത**

   ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്താ

7. **പത്തനംതിട്ട രൂപത**

   യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ

8. **പുത്തൂർ രൂപത**

   ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ

9. **ഗുഡ്ഗാവ്**

   ജേക്കബ് മാർ ബർണബാസ് മെത്രാപ്പോലീത്താ

17. ബാഹ്യകേരളത്തിൽ രൂപീകൃതമായിരിക്കുന്ന എക്സാർക്കേറ്റ്?

**കടുക്കി, മഹാരാഷ്ട്ര**

18. ഡൽഹി കേന്ദ്രമായി രൂപീകൃതമായ രൂപത?

**ഗുഡ്ഗാവ്**

www.malankaralibrary.com

20. കേരളത്തിന് പുറത്തുള്ള മലങ്കര കത്തോലിക്കാ രൂപതകൾ?

മാർത്താണ്ഡം (തമിഴ്നാട്), പുത്തൂർ (കർണ്ണാടക), ഗുഡ്ഗാവ് (ഡൽഹി)

21. അമേരിക്കൻ എക്സാർക്കേറ്റിന്റെ പ്രഥമ അദ്ധ്യക്ഷൻ?

തോമസ് മാർ യൗസേബിയൂസ് മെത്രാപ്പോലീത്താ

22. മലങ്കര കത്തോലിക്കാ സഭയിൽ നിലവിൽ (2015-ൽ) എത്ര മെത്രാപ്പോലീത്താമാരാണുള്ളത്?

14

## മലങ്കര കത്തോലിക്കാ സഭയിലെ രൂപതകൾ

**1. തിരുവനന്തപുരം മേജർ അതിഭദ്രാസനം**

രൂപതസ്ഥാപനം : 1932 ജൂൺ 11

മദ്ധ്യസ്ഥൻ : വി.പത്രോസ് ശ്ലീഹാ

പ്രഥമ അദ്ധ്യക്ഷൻ : ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ (1930-1953)

അദ്ധ്യക്ഷൻമാർ : ആർച്ചു ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ (1953-1994)

മേജർ അതിരൂപത സ്ഥാപനം : 2005 ഫെബ്രുവരി 10

കാതോലിക്കാ ബാവമാർ:സിറിൽ ബസേലിയോസ് കാതോലിക്കാ ബാവ (1995-2007), ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവ (2007-)

**2. തിരുവല്ലാ അതിരൂപത**

രൂപത സ്ഥാപനം : 1932 ജൂൺ 11

മദ്ധ്യസ്ഥൻ : വി.യോഹന്നാൻ, വി. കൊച്ചുത്രേസ്യാ

പ്രഥമ അദ്ധ്യക്ഷൻ : യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്ത (1931-1950)

അദ്ധ്യക്ഷൻമാർ : ജോസഫ് മാർ സേവേറിയോസ് (1938-1955), സക്കറിയാസ് മാർ അത്തനാസിയോസ് (1955-1977), ഐസക് മാർ യൂഹാനോൻ (1978- 1987), ഗീവർഗീസ് മാർ തിമോത്തിയോസ് (1988-2007)

അതിരൂപതാ സ്ഥാപനം : 2006 മെയ് 15

ആർച്ചുബിഷപ്പുമാർ : ആർച്ചുബിഷപ്പ് ഐസക് മാർ ക്ലീമീസ് മെത്രാപ്പോലീത്താ (2003-2007), ആർച്ചു ബിഷപ്പ് തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ (2007)

www.malankaralibrary.com

**3. ബത്തേരി രൂപത**

രൂപത സ്ഥാപനം : 1978 ഒക്ടോബർ 28

മദ്ധ്യസ്ഥൻ : വി.തോമാശ്ലീഹാ

രൂപതാദ്ധ്യക്ഷൻ : ജോസഫ് മാർ തോമസ് മെത്രാപ്പോലീത്താ

പ്രോവിൻസ് : തിരുവല്ല

പ്രഥമ അദ്ധ്യക്ഷൻ : സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്താ (1978– 1995)

അദ്ധ്യക്ഷൻമാർ : ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ (1997–2010), ജോസഫ് മാർ തോമസ് മെത്രാപ്പോലീത്താ (2010–)

**4. മാർത്താണ്ഡം രൂപത**

രൂപത സ്ഥാപനം : 1996 ഡിസംബർ 16

മദ്ധ്യസ്ഥൻ : വി.പൗലോസ്

രൂപതാദ്ധ്യക്ഷൻ : വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലീത്താ

പ്രോവിൻസ് : തിരുവനന്തപുരം

പ്രഥമ അദ്ധ്യക്ഷൻ : ലോറൻസ് മാർ അപ്രേം മെത്രാപ്പോലീത്താ

അദ്ധ്യക്ഷൻമാർ : യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ (1998– 2010), വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലീത്ത (2010–)

**5. മൂവാറ്റുപുഴ രൂപത:**

രൂപത സ്ഥാപനം : 2003 ഫെബ്രുവരി 6

മദ്ധ്യസ്ഥൻ : പരിശുദ്ധ ദൈവമാതാവ്

പ്രോവിൻസ് : തിരുവല്ലാ

രൂപതാദ്ധ്യക്ഷൻ : എബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലീത്താ (2008–)

പ്രഥമ അദ്ധ്യക്ഷൻ : തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ (2003– 2006)

**6. മാവേലിക്കര രൂപത**

രൂപതസ്ഥാപനം : 2007 ജനുവരി 1

മദ്ധ്യസ്ഥ : പരി.ദൈവമാതാവ്

രൂപതാദ്ധ്യക്ഷൻ : ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്താ

പ്രോവിൻസ് : തിരുവനന്തപുരം

www.malankaralibrary.com

പ്രഥമ അദ്ധ്യക്ഷൻ : ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്താ (2006–)

**7. പത്തനംതിട്ട രൂപത**

രൂപതസ്ഥാപനം : 2010 ജനുവരി 25

മദ്ധ്യസ്ഥൻ : സെന്റ് തോമസ്

രൂപതാദ്ധ്യക്ഷൻ : യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ (2010–)

പ്രോവിൻസ് : തിരുവനന്തപുരം

പ്രഥമ അദ്ധ്യക്ഷൻ : യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ

**8. പുത്തൂർ രൂപത**

രൂപത സ്ഥാപനം : 2010 ജനുവരി 25

മദ്ധ്യസ്ഥൻ : സെന്റ് ജോസഫ്

രൂപതാദ്ധ്യക്ഷൻ : ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലിത്ത (2010–)

പ്രോവിൻസ് : തിരുവല്ലാ

പ്രഥമ അദ്ധ്യക്ഷൻ : ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ

**9. ഗുഡ്ഗാവ് രൂപത**

രൂപത സ്ഥാപനം : 2015 മാർച്ച് 26

രൂപതാദ്ധ്യക്ഷൻ : ജേക്കബ് മാർ ബർണബാസ് മെത്രാപ്പോലീത്താ

മദ്ധ്യസ്ഥൻ : സെന്റ് ജോൺ ക്രിസോസ്റ്റം

**10. മഹാരാഷ്ട്രയിലെ കടുക്കി കേന്ദ്രമായി സ്ഥാപിതമായിരിക്കുന്ന എക്സാർക്കേറ്റ്**

സ്ഥാപനം : 2015 മാർച്ച് 26

അദ്ധ്യക്ഷൻ : തോമസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്താ

മദ്ധ്യസ്ഥൻ : സെന്റ് എഫ്രേം

**11. അമേരിക്ക കേന്ദ്രമായി സ്ഥാപിതമായിരിക്കുന്ന എക്സാർക്കേറ്റ്**

സ്ഥാപനം : 2010 ജൂലൈ 14

അദ്ധ്യക്ഷൻ : തോമസ് മാർ യൗസേബിയൂസ് മെത്രാപ്പോലീത്താ

മദ്ധ്യസ്ഥൻ : സമാധാന രാജ്ഞി

www.malankaralibrary.com

## രൂപതകളും കത്തീഡ്രലുകളും

1. തിരുവനന്തപുരം മേജർ അതിരൂപത

   **സെന്റ് മേരീസ് കത്തീഡ്രൽ, തിരുവനന്തപുരം**

2. തിരുവല്ല രൂപത

   **സെന്റ് ജോൺസ് കത്തീഡ്രൽ, തിരുവല്ല**

3. ബത്തേരി രൂപത

   **സെന്റ് തോമസ് കത്തീഡ്രൽ, ബത്തേരി**

4. മാർത്താണ്ഡം രൂപത

   **ക്രിസ്തുരാജാ കത്തീഡ്രൽ, മാർത്താണ്ഡം**

5. മൂവാറ്റുപുഴ രൂപത

   **സെന്റ് ജോസഫ് കത്തീഡ്രൽ, മൂവാറ്റുപുഴ**

6. മാവേലിക്കര രൂപത

   **സെന്റ് മേരീസ് കത്തീഡ്രൽ, പുന്നമൂട്, മാവേലിക്കര**

7. പത്തനംതിട്ട രൂപത

   **സെന്റ് പീറ്റേഴ്സ് കത്തീഡ്രൽ, പത്തനംതിട്ട**

8. പുത്തൂർ രൂപത

   **സെന്റ് ജോസഫ് കത്തീഡ്രൽ, നൂജിബാൽത്തില**

9. ഗുഡ്ഗാവ് രൂപത

   **സെന്റ് മേരീസ് കത്തീഡ്രൽ, നെബ്സരായി**


www.malankaralibrary.com



7

# മൺമറഞ്ഞ പിതാക്കൻമാർ

## 1. ദൈവദാസൻ ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലത്താ



ജനനം : 1882 സെപ്റ്റംബർ 21

പൗരോഹിത്യം : 1908 ആഗസ്റ്റ് 15

മെത്രാഭിഷേകം : 1925 മെയ് 1

പുനരൈക്യം : 1930 സെപ്റ്റംബർ 20

മരണം : 1953 ജൂലൈ 15

മലങ്കര കത്തോലിക്കാ സഭയുടെ പ്രഥമ അദ്ധ്യക്ഷൻ (1933–53) തിരുവനന്തപുരം അതിരൂപത മെത്രാപ്പോലീത്താ (1933)

ദൈവദാസൻ : 2007 ജൂലൈ 14

www.malankaralibrary.com

**2. യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ (1891-1956)**



| | | |
|---|---|---|
| ജനനം | : | 1892 ഫെബ്രുവരി 29 |
| പൗരോഹിത്യം | : | 1924 |
| മെത്രാഭിഷേകം | : | 1929 |
| പുനരൈക്യം | : | 1930 സെപ്തംബർ 20 |
| മരണം | : | 1956 ജൂൺ 27 |

തിരുവല്ല രൂപതയുടെ പ്രഥമ മെത്രാപ്പോലീത്താ (1932) ദൈവദാസൻ മാർ ഈവാനിയോസിനോടൊപ്പം പുനരൈക്യപ്പെട്ടു.

**3. തോമസ് മാർ ദിയസ്കോറസ് മെത്രാപ്പോലീത്താ** (1884-1943)



| | | |
|---|---|---|
| ജനനം | : | 1884 ജനുവരി 4 |
| പൗരോഹിത്യം | : | 1912 |
| മെത്രാഭിഷേകം | : | 1926 |
| പുനരൈക്യം | : | 1939 നവംബർ 22 |
| മരണം | : | 1943 ഫെബ്രുവരി 12, തിരുമൂലപുരം |

സെന്റ് മേരീസ് ദേവാലയത്തിൽ അന്ത്യവിശ്രമം കൊള്ളുന്നു.

**4. ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലത്താ** (1894-1955)



| | | |
|---|---|---|
| ജനനം | : | 1894 ഏപ്രിൽ 7 |
| പൗരോഹിത്യം | : | 1929 |
| മെത്രാഭിഷേകം | : | 1933 |
| പുനരൈക്യം | : | 1937 നവംബർ 29 |
| മരണം | : | 1955 ജനുവരി 18 |

തിരുവല്ലാ രൂപതയുടെ മെത്രാപ്പോലീത്താ (1938), തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിൽ അന്ത്യവിശ്രമം കൊള്ളുന്നു.

**5. സക്കറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലത്താ (1908-1977)**



| | | |
|---|---|---|
| ജനനം | : | 1908 |
| പൗരോഹിത്യം | : | 1938 |
| മെത്രാഭിഷേകം | : | 1955 |
| മരണം | : | 1977 സെപ്റ്റംബർ 28 |

www.malankaralibrary.com

തിരുവല്ലാ രൂപതയുടെ മെത്രാപ്പോലീത്താ (1955) തിരുവല്ലാ സെന്റ് ജോൺസ് കത്തിഡ്രലിൽ അന്ത്യവിശ്രമം കൊള്ളുന്നു.

6. **ഐസക് മാർ യൂഹാനോൻ മെത്രാപ്പോലീത്താ** (1930–1987)



ജനനം : 1930

പൗരോഹിത്യം : 1954

മെത്രാഭിഷേകം : 1978 ഡിസംബർ 28

മരണം : 1987 ഏപ്രിൽ 28

തിരുവല്ല രൂപതയുടെ മെത്രാപ്പോലീത്താ (1978), തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിൽ അന്ത്യവിശ്രമം കൊള്ളുന്നു.

7. **ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ** (1916–1994)



ജനനം : 1916

പൗരോഹിത്യം : 1944

മെത്രാഭിഷേകം : 1953


മരണം : 1994 ഒക്ടോബർ 10

തിരുവനന്തപുരം സെന്റ് മേരീസ് കത്തീഡ്രലിൽ അന്ത്യവിശ്രമം കൊള്ളുന്നു

മലങ്കര കത്തോലിക്കാ സഭയുടെ ദ്വിതീയ മേലദ്ധ്യക്ഷൻ (1955)

തിരുവനന്തപുരം അതിരൂപതാദ്ധ്യക്ഷൻ (1955)

**8. ലോറൻസ് മാർ അപ്രേം മെത്രാപ്പോലീത്താ (1928–1997)**



ജനനം : 1928

പൗരോഹിത്യം : 1953

മെത്രാഭിഷേകം : 1980

മരണം : 1997 ഏപ്രിൽ 8


മാർത്താണ്ഡം ക്രിസ്തുരാജാ കത്തീഡ്രലിൽ അന്ത്യവിശ്രമം കൊള്ളുന്നു.

തിരുവനന്തപുരം അതിരൂപതാ സഹായ മെത്രാൻ (1980)

മാർത്താണ്ഡം രൂപതയുടെ പ്രഥമ മെത്രാപ്പോലീത്താ (1996)

www.malankaralibrary.com

**9. പൗലോസ് മാർ പീലിക്സിനോസ് മെത്രാപ്പോലീത്താ (1928-1998)**



ജനനം : 1928

പൗരോഹിത്യം : 1961

മെത്രാഭിഷേകം : 1967

പുനരൈക്യം : 1977

മരണം : 1998 നവംബർ 3

തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിൽ അന്ത്യവിശ്രമം കൊള്ളുന്നു.

ചായൽ രൂപതയുടെ സ്ഥാനിക മെത്രാൻ

**10. മേജർ ആർച്ചുബിഷപ്പ് സിറിൽ ബസേലിയോസ് കാതോലിക്കാ ബാവ**



ജനനം : 1935 ആഗസ്റ്റ് 16

പൗരോഹിത്യം : 1960 ഒക്ടോബർ 4

മെത്രാഭിഷേകം : 1978 ഡിസംബർ 28

മരണം : 2007 ജനുവരി 18

ബത്തേരി രൂപതയുടെ പ്രഥമ മെത്രാപ്പോലീത്താ (1978)

മലങ്കര കത്തോലിക്കാ സഭയുടെ മൂന്നാമത്തെ മേലദ്ധ്യക്ഷൻ (1995)

തിരുവനന്തപുരം അതിരൂപതാദ്ധ്യക്ഷൻ (1995)

പ്രഥമ മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ് (2005)

തിരുവനന്തപുരം സെന്റ് മേരീസ് കത്തീഡ്രലിൽ അന്ത്യവിശ്രമം കൊള്ളുന്നു.

www.malankaralibrary.com



# സ്മരണീയ ദിനങ്ങൾ 8

**52 എഡി**

മാർത്തോമ്മാശ്ലീഹാ കേരളത്തിൽ വന്നു. സ്ഥാപിച്ച പള്ളികൾ കൊടുങ്ങല്ലൂർ, പാലയൂർ, പറവൂർ (കോട്ടക്കാവ്), കോക്കമംഗലം, ചായൽ, നിരണം, കൊല്ലം

**72 ജൂലൈ 3**

മാർത്തോമ്മാശ്ലീഹാ വേദസാക്ഷിമുടി പ്രാപിച്ചു

**344**

ക്നായിത്തൊമ്മൻ കൊടുങ്ങല്ലൂരിൽ വന്നിറങ്ങി.

**1599 ജൂൺ 20–26**

ഉദയംപേരൂർ സൂന്നഹദോസ്

www.malankaralibrary.com

**1653 ജനു. 3**

കൂനൻ കുരിശുസത്യം (പോർച്ചുഗീസ് ഭരണത്തിനെതിരെ)

**1930 സെപ്തം.20**

മലങ്കര പുനരൈക്യദിനം - മാർ ഈവാനിയോസ് മെത്രാപ്പോലീത്താ, മാർ തെയോഫിലോസ് എപ്പിസ്കോപ്പാ എന്നിവരുൾപ്പടെ അഞ്ചുപേരുടെ പുനരൈക്യം.

**1932 ജൂൺ 11**

മലങ്കര അന്ത്യോക്യൻ സുറിയാനി ഹൈരാർക്കി സ്ഥാപനം. തിരുവനന്തപുരം അതിഭദ്രാസനത്തിന്റെയും തിരുവല്ലാ ഭദ്രാസനത്തിന്റെയും സ്ഥാപനം

**1933 മാർച്ച് 12**

മലങ്കര അന്ത്യോക്യൻ സുറിയാനി ഹൈരാർക്കി ഉദ്ഘാടനം. തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ് ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനിയുടെ സ്ഥാനാരോഹണം

**1933 നവം. 6**

തിരുവല്ലാ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാൻ യാക്കോബ് മാർ തെയോഫിലോസ് തിരുമേനിയുടെ സ്ഥാനാരോഹണം

**1937 നവം. 29**

ഓർത്തഡോക്സ് സഭയിലെ നിരണം മെത്രാൻ ജോസഫ് മാർ സെവേറിയോസ് തിരുമേനിയുടെ പുനരൈക്യം.

**1938 നവം. 12**

ക്നാനായ യാക്കോബായ സഭയിലെ തോമസ് മാർ ദിയോസ്കോറോസ് തിരുമേനിയുടെ പുനരൈക്യം

**1943 ഫെബ്രു. 22**

തോമസ് മാർ ദിയോസ്കോറോസ് തിരുമേനി കാലം ചെയ്തു

www.malankaralibrary.com

**1950 മേയ് 5**

തിരുവല്ലാ ഭദ്രാസനത്തിന്റെ മെത്രാൻ ജോസഫ് മാർ സേവേറിയോസ് തിരുമേനിയുടെ സ്ഥാനാരോഹണം

**1953 ജനു.29**

തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ സഹായമെത്രാൻ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ മെത്രാഭിഷേകം

**1953 ജൂലൈ 15**

മാർ ഈവാനിയോസ് തിരുമേനി കാലം ചെയ്തു

**1954 ഏപ്രിൽ 22**

തിരുവല്ലാ ഭദ്രാസനത്തിന്റെ സഹായമെത്രാൻ സക്കറിയാസ് മാർ അത്താനാസിയോസ് തിരുമേനിയുടെ മെത്രാഭിഷേകം

**1955 ജനു.18 മാർച്ച്**

സേവറിയോസ് തിരുമേനി കാലം ചെയ്തു

**1955 ജനു.22**

മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ സ്ഥാനാരോഹണം

**1955 ജനു.27**

തിരുവല്ലാ ഭദ്രാസനത്തിന്റെ മെത്രാൻ സക്കറിയാസ് മാർ അത്തനാസിയോസ് തിരുമേനിയുടെ സ്ഥാനാരോഹണം

**1956 ജൂൺ 27**

മാർ തെയോഫിലോസ് തിരുമേനി കാലംചെയ്തു

**1962 ഒക്ടോ. 11**

21-ാം സാർവ്വത്രിക സൂന്നഹദോസ് (2-ാം വത്തിക്കാൻ കൗൺസിൽ) ആരംഭം

www.malankaralibrary.com

**1964 ഡിസം. 4**

പോൾ ആറാമൻ മാർപാപ്പയുടെ ഇന്ത്യാസന്ദർശനം

**1965 ഫെബ്രു. 22**

തിരുവനന്തപുരം അതിഭദ്രാസന ദൈവാലയപ്രതിഷ്ഠ

**1965 ഡിസം. 8**

21-ാം സാർവ്വത്രിക സൂന്നഹദോസ് സമാപനം

**1967 ഡിസം.16**

പൗലോസ് മാർ പീലക്സിനോസ് തിരുമേനിയുടെ മെത്രാഭിഷേകം

**1977 ആഗ.28**

മലബാർ സ്വതന്ത്രസഭയുടെ മെത്രാൻ പൗലോസ് മാർ പീലക്സി നോസ് തിരുമേനിയുടെ പുനരൈക്യം

**1977 സെപ്തം.28**

സക്കറിയാസ് മാർ അത്താനിയോസ് തിരുമേനി കാലം ചെയ്തു

**1978 ഒക്ടോ.28**

ബത്തേരി ഭദ്രാസനസ്ഥാപനം

**1978 ഡിസം.28**

സിറിൽ മാർ ബസേലിയോസ് തിരുമേനിയുടെയും (ബത്തേരി ഭദ്രാസം) ഐസക് മാർ യൂഹാനോൻ തിരുമേനിയുടെയും (തിരുവല്ലാഭദ്രാസനം) മെത്രാഭിഷേകം

**1978 ഡിസം.29**

തിരുവല്ലാ ഭദ്രാസനാദ്ധ്യക്ഷൻ ഐസക് മാർ യൂഹാനോൻ തിരുമേ നിയുടെ സ്ഥാനാരോഹണം

www.malankaralibrary.com

**1979 ഫെബ്രു.2**

ബത്തേരി ഭദ്രാസനത്തിന്റെ പ്രഥമമെത്രാൻ സിറിൽ മാർ ബസേലിയോസ് തിരുമേനിയുടെ സ്ഥാനാരോഹണം.

**1980 ഡിസം.27**

തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ സഹായമെത്രാൻ ലോറൻസ് മാർ അപ്രേം തിരുമേനിയുടെ മെത്രാഭിഷേകം

**1980 ഡിസം.28**

പുനരൈക്യ കനകജൂബിലി ആഘോഷസമാപനം, കോട്ടയം

**1986 ഫെബ്രു.8**

പരിശുദ്ധപിതാവ് ജോൺപോൾ രണ്ടാമൻ മാർപാപ്പ തിരുവനന്തപുരം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയം സന്ദർശിച്ചു.

**1987 ഏപ്രിൽ 28**

ഐസക് മാർ യൂഹാനോൻ തിരുമേനി കാലം ചെയ്തു

**1987 ആഗ. 18–19**

പൗരസ്ത്യ തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ അത്യുന്നത കർദ്ദിനാൾ സൈമൺ ഡി ലൂർദ്ദുസ്വാമിയുടെ മലങ്കരകത്തോലിക്കാസഭാസന്ദർശനം

**1988 ആഗസ്റ്റ് 6**

തിരുവല്ലാ ഭദ്രാസനാദ്ധ്യക്ഷൻ ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനിയുടെ മെത്രാഭിഷേകവും സ്ഥാനാരോഹണവും

**1989 മേയ് 25**

സെന്റ് മേരീസ് മലങ്കര മേജർ സെമിനാരിയുടെ കൂദാശ

**1994 ഒക്ടോ.10**

ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി കാലം ചെയ്തു.

www.malankaralibrary.com

**1995 ഡിസം.14**

മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ് സിറിൽ മാർ ബസേലിയോസ് തിരുമേനിയുടെ സ്ഥാനാരോഹണം

**1996 ഫെബ്രു.13–14**

സി.ബി.സി.ഐ.സമ്മേളനം മലങ്കര മേജർ സെമിനാരിയിൽ

**1996 ഡിസം.16**

മാർത്താണ്ഡം ഭദ്രാസനസ്ഥാപനം

**1997 ജനു.23**

മാർത്താണ്ഡം ഭദ്രാസനത്തിന്റെ പ്രഥമ മെത്രാൻ ലോറൻസ് മാർ അപ്രേം തിരുമേനിയുടെ സ്ഥാനാരോഹണം

**1997 ഫെബ്രു.5**

ബത്തേരി മെത്രാൻ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനിയുടെ മെത്രാഭിഷേകവും സ്ഥാനാരോഹണവും

**1997 ഏപ്രിൽ 8**

ലോറൻസ് മാർ അപ്രേം തിരുമേനി കാലം ചെയ്തു

**1997 ജൂലൈ 17**

തിരുവല്ലാ സഹായമെത്രാൻ തോമസ് മാർ കൂറിലോസ് തിരുമേനിയുടെ മെത്രാഭിഷേകം

**1998 ജൂൺ 29**

യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനിയുടെയും (മാർത്തണ്ഡം ഭദ്രാസനം) ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയുടെയും (തിരുവനന്തപുരം അതിഭദ്രാസന സഹായമെത്രാൻ) മെത്രാഭിഷേകം

**1998 ജൂലൈ 1**

മാർത്താണ്ഡം ഭദ്രാസനാദ്ധ്യക്ഷൻ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനിയുടെ സ്ഥാനാരോഹണം

www.malankaralibrary.com

**1998 നവം.3**

പൗലോസ് മാർ പീലക്സിനോസ് തിരുമേനി കാലം ചെയ്തു

**2001 ആഗസ്റ്റ് 15**

തിരുവനന്തപുരം അതിഭദ്രാസന സഹായമെത്രാൻ, വടക്കേ അമേരിക്കയുടെയും യൂറോപ്പിന്റെയും അപ്പസ്തോലിക് വിസിറ്റർ ഐസക് മാർ ക്ലീമീസ് തിരുമേനിയുടെ മെത്രാഭിഷേകം

**2003 ജനു.15**

മൂവാറ്റുപുഴ ഭദ്രാസന സ്ഥാപനം

**2003 ഫെബ്രു.6**

മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാൻ തോമസ് മാർ കൂറിലോസ് തിരുമേനിയുടെ സ്ഥാനാരോഹണം

**2004 ഒക്ടോ.2**

തിരുവല്ലാമെത്രാൻ ഐസക് മാർ ക്ലീമീസ് തിരുമേനിയുടെ സ്ഥാനാരോഹണം

**2004 സെപ്തം.20**

തിരുവല്ലായിലെ പുതിയ ഭദ്രാസന ദൈവാലയപ്രതിഷ്ഠ

**2005 ഫെബ്രു.10**

മലങ്കര സുറിയാനി കത്തോലിക്കാ മേജർ ആർക്കി എപ്പിസ്കോപ്പൽ സിംഹാസന സ്ഥാപനം

**2005 ഫെബ്രു.19**

തിരുവനന്തപുരം അതിഭദ്രാസന സഹായമെത്രാൻ, വടക്കേ അമേരിക്കയുടെയും യൂറോപ്പിന്റെയും അപ്പസ്തോലിക് വിസിറ്റർ ജോസഫ് മാർ തോമസ് തിരുമേനിയുടെ മെത്രാഭിഷേകം

**2005 മാർച്ച് 31–ഏപ്രിൽ 1**

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അനൗദ്യോഗിക പ്രാരംഭ സൂന്നഹദോസ് തിരുവല്ലാ ചെറുപുഷ്പഗിരി അരമനയിൽ

www.malankaralibrary.com

**2005 മേയ് 14**

മോറാൻ മോർ സിറിൽ ബസേലിയോസ് തിരുമേനിയുടെ മേജർ ആർച്ചു ബിഷപ്പ് കാതോലിക്കാസ്ഥാനാരോഹണം

**2005 മേയ് 15**

തിരുവനന്തപുരത്ത് കാതോലിക്കേറ്റ് സെന്ററിന്റെ ശിലാശീർവ്വാദക കർമ്മം പൗരസ്ത്യ തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ കർദ്ദിനാൾ മൂസാ ദാവൂദ് നിർവ്വഹിച്ചു.

**2005 ആഗ.16–18**

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രഥമ ഔദ്യോഗിക എപ്പിസ്കോപ്പൽ സൂന്നഹദോസ് തിരുവനന്തപുരം കാതോലിക്കേറ്റ് സെന്ററിൽ

**2005 സെപ്തം.19–21**

പുനരൈക്യപ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ മാവേലിക്കരയിൽ

**2006 മെയ് 15**

തിരുവല്ലാ അതിഭദ്രാസന സ്ഥാപനം, തിരുവല്ലാ കേന്ദ്രമായ മെത്രാപ്പോലീത്തൻ പ്രവിശ്യയുടെ സ്ഥാപനം

**2006 ജൂൺ 10**

തിരുവല്ലാ അതിഭദ്രാസന പ്രഥമ മെത്രാപ്പോലീത്തൻ ആർച്ച് ബിഷപ്പ് ഐസക് മാർ ക്ലീമീസ് തിരുമേനിയുടെ സ്ഥാനാരോഹണം

**2007 ജനു.1**

മാവേലിക്കര ഭദ്രാസന സ്ഥാപനം

**2007 ജനു.18**

മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാബാവ കാലം ചെയ്തു

www.malankaralibrary.com

**2007 ഫെബ്രു.8–10**

മലങ്കര കത്തോലിക്കാസഭയുടെ കാതോലിക്കാബാവായെ തെരഞ്ഞെടുക്കുവാനുള്ള പ്രഥമസൂന്നഹദോസ് തിരുവനന്തപുരത്ത് കാതോലിക്കേറ്റ് സെന്ററിൽ

**2007 ഫെബ്രു.10**

മലങ്കര കത്തോലിക്കാ സഭയുടെ കാതോലിക്കാ ബാവയായി മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് ഐസക് മാർ ക്ലീമീസ് തിരുമേനിയെ പ. സൂന്നഹദോസ് തിരഞ്ഞെടുത്തു.

**2007 ഫെബ്രു.16**

മാവേലിക്കര ഭദ്രാസനത്തിന്റെ പ്രഥമ മെത്രാൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയുടെ സ്ഥാനാരോഹണം

**2007 മാർച്ച് 5**

ഐസക് മാർ ക്ലീമീസ് തിരുമേനി, മോറാൻ മോർ ബസേലിയോസ് ക്ലീമീസ് എന്ന നാമത്തിൽ കാതോലിക്കാ ബാവായായി സ്ഥാനാരോഹണം ചെയ്തു.

**2007 മാർച്ച് 10**

ഭാരതത്തിലെ മലങ്കര സുറിയാനി കത്തോലിക്കാ അജപാലന പ്രദേശ പരിധിക്ക് പുറത്തുള്ളവരുടെ അപ്പസ്തോലിക്ക വിസിറ്റർ ജേക്കബ് മാർ ബർണബാസ് തിരുമേനിയുടെ മെത്രാഭിഷേകം.

**2007 മാർച്ച് 22**

ഭാരതത്തിലെ മലങ്കര സുറിയാനി കത്തോലിക്കാ അജപാലന പ്രദേശ പരിധിക്ക് പുറത്തുള്ളവരുടെ അപ്പസ്തോലിക്ക് വിസിറ്റർ ജേക്കബ് മാർ ബർണബാസ് തിരുമേനി ചുമതലയേറ്റു

**2007 മേയ് 2**

തിരുവല്ലാ അതിഭദ്രാസന മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ് തിരുമേനിയുടെ സ്ഥാനാരോഹണം

www.malankaralibrary.com

**2007 ജൂലൈ 14**

ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയെ ദൈവദാസനായി മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ പ്രഖ്യാപിച്ചു.

**2007 സെപ്തം.20-21**

മലങ്കര കത്തോലിക്കാ ഹയരാർക്കിയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ ബത്തേരി ഭദ്രാസനത്തിലെ കോടഞ്ചേരിയിൽ

**2007 സെപ്തം.23**

ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ 125-ാം ജന്മ വാർഷികം മാവേലിക്കര പുതിയകോവിൽ

**2008 ഫെബ്രു.9**

മൂവാറ്റുപുഴ ഭദ്രാസനാദ്ധ്യക്ഷൻ എബ്രഹാം മാർ യൂലിയോസ് തിരുമേനിയുടെ മെത്രാഭിഷേകവും സ്ഥാനാരോഹണവും

**2008 നവം.10**

പൗരസ്ത്യ തിരുസംഘ അദ്ധ്യക്ഷൻ അത്യുന്നത കർദ്ദിനാൾ ലിയനാർഡോ സാന്ദ്രിയുടെ മലങ്കര കത്തോലിക്കാ സഭാസന്ദർശനം

**2009 സെപ്തം.20-21**

അന്ത്യോഖ്യൻ സുറിയാനി കത്തോലിക്കാ പാത്രിയർക്കീസ് മോറാൻ മോർ ഇഗ്നാത്തിയോസ് യൂസഫ് ത്രിതീയൻ യൗനാൻ ബാവായുടെ മലങ്കര കത്തോലിക്കാസഭാ സന്ദർശനം. മലങ്കര സുറിയാനി കത്തോലിക്കാസഭ തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിൽ പ്രേഷിതപ്രവർത്തനം ആരംഭിച്ചതിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ മാർത്താണ്ഡം ഭദ്രാസനത്തിലെ മരിയഗിരിയിൽ.

**2010 ജനു.25**

പത്തനംതിട്ട, പുത്തൂർ ഭദ്രാസനങ്ങളുടെ സ്ഥാപനം

**2010 മാർച്ച് 13**

വിൻസെന്റ് മാർ പൗലോസ് (മാർത്താണ്ഡം ഭദ്രാസനം), തോമസ് അന്തോണിയോസ് (കൂരിയ മെത്രാൻ), സാമുവേൽ മാർ ഐറേനി

www.malankaralibrary.com

യോസ് (തിരുവനന്തപുരം മേജർ അതിഭദ്രാസന സഹായമെത്രാൻ), ഫിലിപ്പോസ് മാർ സ്തേഫാനോസ് (തിരുവല്ല അതിഭദ്രാസന സഹായമെത്രാൻ) എന്നീ തിരുമേനിമാരുടെ മെത്രാഭിഷേകം. ഗ്രീക്ക് മെൽക്കേറ്റ് കത്തോലിക്കാ സഭയുടെ അദ്ധ്യക്ഷൻ ഗ്രിഗോറിയോസ് III ലഹാം പാത്രിയർക്കീസ് മുഖ്യാതിഥിയായിരുന്നു.

**2010 മാർച്ച് 14**

മാർത്താണ്ഡം ഭദ്രാസനാദ്ധ്യക്ഷൻ വിൻസെന്റ് മാർ പൗലോസ് തിരുമേനിയുടെ സ്ഥാനാരോഹണം.

**2010 മാർച്ച് 20**

പത്തനംതിട്ട ഭദ്രാസനത്തിന്റെ പ്രഥമ മെത്രാൻ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനിയുടെ സ്ഥാനാരോഹണം

**2010 ഏപ്രിൽ 13**

ബത്തേരി ഭദ്രാസനാദ്ധ്യക്ഷൻ ജോസഫ് മാർ തോമസ് തിരുമേനിയുടെ സ്ഥാനാരോഹണം.

**2010 ഏപ്രിൽ 15**

പുത്തൂർ ഭദ്രാസനാദ്ധ്യക്ഷൻ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനിയുടെ സ്ഥാനാരോഹണം

**2010 ജൂലൈ 14**

അമേരിക്കയിലെ മലങ്കര സുറിയാനി കത്തോലിക്കാ എക്സാർക്കേറ്റിന്റെ സ്ഥാപനം.

2010 സെപ്തം 20–21 80–ാം പുനരൈക്യവാർഷികം തിരുവനന്തപുരം പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ

**2010 സെപ്തം 21**

അമേരിക്കയിലെ എക്സാർക്കേറ്റന്റെ മെത്രാനും കാനഡ, യൂറോപ്പ് എന്നിവയുടെ അപ്പസ്തോലിക് വിസിറ്ററുമായ തോമസ് മാർ യൗസേബിയൂസ് തിരുമേനിയുടെ മെത്രാഭിഷേകം.

www.malankaralibrary.com

**2010 ഒക്ടോ 3**

അമേരിക്കയിലെ എക്സാർക്കേറ്റിന്റെ പ്രഥമ മെത്രാൻ തോമസ് യൗസേബിയൂസ് തിരുമേനിയുടെ സ്ഥാനാരോഹണം (ന്യൂയോർക്കിൽ).

**2011 മാർച്ച് 25**

മലങ്കര സുറിയാനി കത്തോലിക്കാസഭ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തപ്പെട്ടതിനുശേഷം ആദ്യമായി മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവായുടെ നേതൃത്വത്തിൽ പരി.എപ്പിസ്ക്കോപ്പൽ സുന്നഹദോസിലെ അഭിവന്ദ്യ പിതാക്കന്മാർ പരി. ബനഡിക്ട് പതിനാറാമൻ മാർപാപ്പയുമായി നടത്തിയ ആദ്ല്മീന സന്ദർശനം

**2011 സെപ്തം. 21**

കാതോലിക്കേറ്റ് സെന്ററിന്റെ കൂദാശ

**2011 സെപ്തം. 21–23**

പ്രഥമ മലങ്കര സുറിയാനി കത്തോലിക്കാ അസംബ്ലി (കാതോലിക്കേറ്റ് സെന്റർ, പട്ടം)

**2012 ജനുവരി 25,26**

മൂവാറ്റുപുഴ കത്തീഡ്രൽ കൂദാശ

**2012 ജനുവരി 9–10**

മൂറോൻ കൂദാശ (പട്ടം കത്തീഡ്രൽ)

**2012 സെപ്തം 20**

പത്തനംതിട്ട കത്തീഡ്രൽ കൂദാശ

മാറോനീത്താ സുറിയാനി കത്തോലിക്കാസഭയുടെ പാത്രിയർക്കീസ് മോറാൻ മോർ ബഷാറാ ബുത്ത്റോസ് അൽ രായി ബാവായുടെ മലങ്കര സുറിയാനി കത്തോലിക്കാസഭാ സന്ദർശനം

www.malankaralibrary.com

**2012 ഒക്ടോ 24**

പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ മാർപാപ്പാ, മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവായെ കർദ്ദിനാളായി പ്രഖ്യാപിച്ചു.

**2012 നവം.24**

മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ കർദ്ദിനാളായി സ്ഥാനാരോഹണം ചെയ്തു

**2013 ജൂലൈ 15**

ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ 60-ാം ഓർമ്മ പെരുന്നാൾ

ഫിലിപ്പയൻസിലെ മനില ആർച്ചുബിഷപ്പ് അത്യുന്നത കർദ്ദിനാൾ അന്തോണിയോസ് ലൂയീസ് താഗ്ലേ മുഖ്യാതിഥി.

**2013 സെപ്തം 20**

മാവേലിക്കര കത്തീഡ്രൽ കൂദാശ

83-ാം പുനരൈക്യ വാർഷികം മാവേലിക്കരയിൽ

**2014 ജൂൺ 23**

ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ നാമകരണ നടപടികളുടെ ഭാഗമായി കബർ തുറന്നുള്ള കാനോനിക പരിശോധന.

**2014 ജൂലൈ 15**

പൗരസ്ത്യ തിരുസംഘത്തിന്റെ സെക്രട്ടറി ജനറൽ ആർച്ചുബിഷപ്പ് സിറിൽ വസീലിന്റെ സന്ദർശനം

**2014 സെപ്തം. 20**

84-ാം പുനരൈക്യവാർഷികം ബത്തേരിയിൽ

www.malankaralibrary.com



9

## ആരാധന ക്രമം

1. ഗ്രീക്കുഭാഷയിലെ ഏത് പദത്തിൽനിന്നാണ് ലിറ്റർജി അഥവാ ആരാധന ക്രമം എന്ന വാക്ക് രൂപപ്പെട്ടത്?

   ലൈത്തൂർജിയ (Laiturgia)

2. ലൈത്തൂർജിയ എന്ന വാക്കിന്റെ അർത്ഥം?

   പൊതുവായ പ്രവൃത്തി

3. മലങ്കര കത്തോലിക്കാസഭ പിന്തുടരുന്നത് ഏത് ആരാധനക്രമമാണ്?

   അന്ത്യോക്യൻ

4. റീത്ത് അഥവാ രീതി എന്ന വാക്ക് ഏത് ലാറ്റിൻ പദത്തിൽ നിന്നാണ് രൂപപ്പെട്ടത്?

   റീത്തൂസ്

5. സഭയുടെ ഔദ്യോഗിക അനുദിന പ്രാർത്ഥന?

   ശ്ഹീമ്മോ നമസ്കാരം

www.malankaralibrary.com

6. ആണ്ടുവട്ടത്തിലെ ഏഴുകാലങ്ങളിലേയും ഞായറാഴ്ചകൾക്കും പെരുന്നാളുകൾക്കുമുള്ള പ്രത്യേക പ്രാർത്ഥന?

പെങ്കീസോ നമസ്കാരം

## ആരാധനക്രമ വൽസരം

7. ആരാധന ക്രമ വൽസരം എന്നാലെന്ത്?

ഒരു വർഷത്തെ വിവിധ കാലഘട്ടങ്ങളായി തിരിച്ച്, ഓരോ കാല ഘട്ടത്തിലും യേശുവിന്റെ രക്ഷാകര സംഭവങ്ങളെ ക്രമമായി ഓർക്കാനും ധ്യാനിച്ച് ജീവിതത്തിൽ പകർത്താനും ഉതകുംവിധ ത്തിലുള്ള സംവിധാനത്തെയാണ് ആരാധനക്രമവൽസരം എന്ന തുകൊണ്ട് അർത്ഥമാക്കുന്നത്.

8. ആരാധനക്രമവൽസരത്തെ എത്രകാലങ്ങളായി തിരിച്ചിരിക്കുന്നു? അവ ഏതെല്ലാം?

ആരാധന ക്രമ വൽസരത്തെ ഏഴു കാലങ്ങളായി തിരിച്ചിരിക്കുന്നു.

a. സുബോറൊക്കാലം - കൂദോശ് ഈത്തോ മുതൽ യൽദാ വരെ

b. യൽദാ - ദനഹാക്കാലം - യൽദാ മുതൽ കൊത്നേ വരെ

c. വലിയ നോമ്പുകാലം - കൊത്നേ മുതൽ ക്യംതാ വരെ

d. ക്യംതാക്കാലം - ഉയർപ്പുമുതൽ പെന്തിക്കോസ്തി വരെ

e. പെന്തക്കോസ്തിക്കാലം/ശ്ലീഹാക്കാലം - പെന്തിക്കോസ്തി മുതൽ തേജസ്ക്കരണം വരെ

f. തേജസ്ക്കരണ കാലം - ആഗസ്റ്റ് 6 മുതൽ സെപ്തംബർ 13 വരെ

g. ശ്ലീബാക്കാലം - ശ്ലീബാ പെരുന്നാൾ മുതൽ കൂദോശ് ഈത്തോ വരെ

**a. സുബോറൊക്കാലം**

9. സുബോറൊക്കാലത്തിൽ എത്ര ആഴ്ചകളുണ്ട്? - ഏഴ്

10. സുബോറൊക്കാലത്തിലെ ആദ്യ രണ്ട് ഞായറാഴ്ചകൾ ഏത് പേരിലറിയപ്പെടുന്നു?
കൂദോശ് ഈത്തോ, ഹൂദോശ് ഈത്തോ

www.malankaralibrary.com

11. ഈ പദങ്ങളുടെ അർത്ഥമെന്ത്?
കൂദോശ് ഈത്തോ – സഭയുടെ വിശുദ്ധീകരണം
ഹൂദോശ് ഈത്തോ – സഭയുടെ നവീകരണം

12. സുബോറൊക്കാലത്തിലെ ബാക്കി അഞ്ച് ആഴ്ചകൽ ഏത് പേരിലറിയപ്പെടുന്നു?

അറിയിപ്പിന്റെ ആഴ്ചകൾ

13. അറിയിപ്പിന്റെ ആഴ്ചകളെന്നു സുബോറൊക്കാലത്തിലെ അഞ്ച് ഞായറാഴ്ചകൾ അറിയപ്പെടുന്നു കാരണം?

പ്രധാനമായും രക്ഷകനെപ്പറ്റിയുള്ള സന്ദേശങ്ങളാണ് (അറിയിപ്പുകളാണ്) ഈ ആഴ്ചകളിൽ അനുസ്മരിക്കുന്നത്. അതോടൊപ്പം സ്നാപക യോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പും സ്നാപകയോഹന്നാന്റെ ജനനവും ഈ ആഴ്ചകളിൽ അനുസ്മരിക്കുന്നു.

സഖറിയായോടുള്ള അറിയിപ്പ്

ദൈവ മാതാവിനോടുള്ള വചനിപ്പ്

കന്യകമറിയം എലിസബത്തിനെ സന്ദർശിച്ചത്

സ്നാപക യോഹന്നാന്റെ ജനനം

ജോസഫിനുണ്ടായ ദർശനം

**b. യൽദാ – ദനഹാക്കാലം**

14. യൽദാ – ദനഹാക്കാലം എന്നുമുതൽ എന്നുവരെ?
ക്രിസ്തുമസിന് ഒരാഴ്ചമുൻപ് മുതൽ വലിയ നോമ്പ് തുടങ്ങുന്നതുവരെ

15. ദനഹാ എന്ന വാക്കിന്റെ അർത്ഥം?
ഉദയം, പ്രത്യക്ഷീകരണം

16. യേശുവിന്റെ മഹത്വം മൂന്നു പ്രാവശ്യം വെളിപ്പെട്ടതായി ബൈബിൾ സാക്ഷിക്കുന്നു. എപ്പോഴെല്ലാം?

a. വിജാതിയർക്ക് (മൂന്ന് ജ്ഞാനികൾക്ക്) മത്താ 2:1

b. യഹൂദർക്ക് (മാമ്മോദീസായുടെ സമയത്ത് സ്വർഗ്ഗത്തിൽ നിന്നുള്ള വെളിപ്പെടുത്തൽ) മർക്കോ 1:11

www.malankaralibrary.com

c. യേശുവിന്റെ സ്വന്തക്കാർക്കും ശിഷ്യർക്കും (കാനായിലെ വിവാഹവിരുന്ന്) യോഹ 2:1–11

17. മേൽപ്പറഞ്ഞിരിക്കുന്ന വെളിപ്പെടുത്തലുകളിൽ ഏതാണ് മലങ്കര സഭ ദനഹാ ശുശ്രൂഷയിൽ ധ്യാനവിഷയമാക്കിയിരിക്കുന്നത്? യേശുവിന്റെ മാമ്മോദീസായും ആ സമയത്ത് സ്വർഗ്ഗപിതാവിൽ നിന്നും സ്നാപകയോഹന്നാനിൽ നിന്നും യേശുവിന് ലഭിച്ച സാക്ഷ്യവുമാണ്.

**c. വലിയ നോമ്പുകാലം**

18. വലിയ നോമ്പിലെ ഞായറാഴ്ചകൾ അറിയപ്പെടുന്നത് ഏത് പേരുകളിലാണ്? ഓരോ ഞായറാഴ്ചയിലേയും ധ്യാനവിഷയങ്ങൾ ഏവ?

1. കൊത്നോ ഞായർ – കാനായിൽ വെള്ളം വീഞ്ഞാക്കിയത്

2. ഗർബോ ഞായർ – കുഷ്ഠരോഗിയെ സുഖപ്പെടുത്തിയത്

3. മ്ശറിയോ ഞായർ – തളർവാതരോഗിയെ സുഖപ്പെടുത്തിയത്

4. ക്നാനയത്തൊ ഞായർ – കാനാൻകാരിയുടെ മകളെ സുഖപ്പെടുത്തിയത്

5. ക്പിഫ്തൊ ഞായർ – കൂനിയായ സ്ത്രീയെ സുഖപ്പെടുത്തിയത്

6. സമിയൊ ഞായർ – കുരുടനു കാഴ്ച നൽകിയത്

7. ഓശാന ഞായർ – ജറുസലേമിലേക്കുള്ള യേശുവിന്റെ രാജകീയ പ്രവേശനം

**d. കൃംതാക്കാലം**

19. കൃംതാക്കാലം എന്ന് മുതൽ എന്ന് വരെ?

ഉയർപ്പുഞായർ മുതൽ പെന്തിക്കോസ്തി വരെ

20. ഏറ്റവും വലിയ തിരുന്നാൾ?

ഉയിർപ്പ് തിരുന്നാൾ

21. സമാധാനത്തിന്റേയും യോജിപ്പിന്റേയും അനുരഞ്ജനത്തിന്റേയും പെരുന്നാൾ?
ഉയിർപ്പ് തിരുന്നാൾ

www.malankaralibrary.com

22. ഉയർപ്പ് തിരുന്നാൾ കഴിഞ്ഞുവരുന്ന ആഴ്ചക്കുള്ള പേര്?

ഹേവോറെ

23. ഹേവോറെ ആഴ്ചയുടെ പ്രത്യേകത എന്ത്?

ക്യംതാപെരുന്നാളിൽ മാമ്മോദീസാ സ്വീകരിച്ചവർ ഈ ആഴ്ചയിൽ തൂവെള്ള വസ്ത്രം ധരിച്ചിരുന്നു.

**e. പെന്തിക്കോസ്തി കാലം**

24. പെന്തിക്കോസ്തിക്കാലം അറിയപ്പെടുന്ന മറ്റൊരു പേര്?

ശ്ലീഹാ കാലം

25. പെന്തിക്കോസ്തിക്കാലം എന്നു മുതൽ എന്നു വരെ?

പെന്തിക്കോസ്തി മുതൽ തേജസ്ക്കരണം വരെ

26. പെന്തിക്കോസ്തി എന്ന വാക്കിന്റെ അർത്ഥം?

50-ാം ദിനം (ഉയിർപ്പുകഴിഞ്ഞ്)

27. പെന്തിക്കോസ്തി ശുശ്രൂഷയുടെ അപരനാമം?

മുട്ടുകുത്തലിന്റെ ശുശ്രൂഷ

28. പെന്തിക്കോസ്തി കാലത്തിൽ വരുന്ന പ്രധാനപ്പെട്ട തിരുനാളുകൾ?

ശ്ലീഹാനോമ്പ്, പത്രോസ് പൗലോസ് ശ്ലീഹൻമാരുടെ തിരുന്നാൾ, മർത്തോമാശ്ലീഹായുടെ ദുക്റോനോ

**f. തേജസ്ക്കരണ കാലം**

29. തേജസ്കരണ കാലം എന്ന് മുതൽ എന്ന് വരെ?

കർത്താവിന്റെ മറുരൂപതിരുനാൾ മുതൽ സെപ്തംബർ 13 വരെ

30. തേജസ്കരണക്കാലത്തെ തിരുനാളുകൾ?

കർത്താവിന്റെ മറുരൂപതിരുനാൾ (ആഗ.6)

മാതാവിന്റെ സ്വർഗ്ഗാരോഹണം (ആഗ.15)

മാതാവിന്റെ ജനനം (സെപ്റ്റം.8)

**g. സ്ലീബാകാലം**

31. സ്ലീബാകാലം എന്ന് മുതൽ എന്ന് വരെ?

സ്ലീബാ പെരുന്നാൾ മുതൽ കൂദോശ് ഈത്തോ വരെ

www.malankaralibrary.com

32. സ്ലീബാപെരുന്നാൾ എന്നാണ് ആഘോഷിക്കുന്നത്?

സെപ്തംബർ 14

33. സ്ലീബാപെരുന്നാൾ എന്തിന്റെ ഓർമ്മയാണ്?

ഹെലേനാ രാജ്ഞി നമ്മുടെ കർത്താവിന്റെ കുരിശുകണ്ടെത്തി ജറുസലേമിൽ ഒരു ദേവാലയത്തിൽ പ്രതിഷ്ഠിച്ചതിന്റെ ഓർമ്മ

34. ഒരാഴ്ചയിലെ ദിനങ്ങൾക്കു സഭ നൽകിയിരിക്കുന്ന പ്രത്യേക അനുസ്മരണകൾ?

ഞായർ – യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പ്

തിങ്കൾ – അനുതാപം

ചൊവ്വ – അനുതാപം

ബുധൻ – പരിശുദ്ധ ദൈവമാതാവ്

വ്യാഴം – പരിശുദ്ധ ശ്ലീഹൻമാരും മല്പാൻമാരും

വെള്ളി – സ്ലീബായും പരിശുദ്ധ സഹദേൻമാരും

ശനി – ആചാര്യൻമാരും സകല മരിച്ചവരും

35. ആരാധന ക്രമത്തിലെ ബോവൂസാകൾ ഏതെല്ലാം സഭാപിതാക്കൻമാരുടെ പേരുകളിലാണ് അറിയപ്പെടുന്നത്?

മാർ യാക്കോബ്, മാർ അപ്രേം, മാർ ബാലായി

36. സ്വർഗ്ഗാരോഹണത്തിനു ശേഷമുള്ള പത്തു ദിവസങ്ങൾക്കുള്ള പേര്?

പുതുക്കത്തിന്റെ ദിനങ്ങൾ

37. സഭയുടെ ഔദ്യോഗിക അനുദിന പ്രാർത്ഥന ക്രമം?

ശ്ഹീമ്മോ നമസ്കാരം

38. യാമ പ്രാർത്ഥനകളെ എത്രയായി തിരിച്ചിരിക്കുന്നു? ഏവ?

ഏഴു യാമങ്ങളായി; 1.സന്ധ്യ 2. സൂത്താറാ 3. രാത്രി 4. പ്രഭാതം 5. മൂന്നാംമണി 6. ആറാംമണി 7. ഒൻപതാംമണി

39. യാമപ്രാർത്ഥനകൾ ക്രിസ്തുവിന്റെ പെസഹാ രഹസ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. എങ്ങനെ?

www.malankaralibrary.com

ഓരോ യാമത്തിലേയും പ്രാർത്ഥനകളിൽ യേശുക്രിസ്തുവിന്റെ പെസഹാ രഹസ്യങ്ങൾ ധ്യാനവിഷയമാക്കിയിരിക്കുന്നു.

**സന്ധ്യ :** യേശു പീഡാനുഭവത്തിനു മുമ്പായി ശിഷ്യൻമാരോടൊന്നിച്ച് സന്ധ്യാസമയം സെഹിയോൻ മാളികയിൽവെച്ച് പെസഹാ ഭക്ഷിച്ചതിനെയും. അന്ത്യ അത്താഴവേളയിൽ തന്റെ തിരുശരീര രക്തങ്ങൾ ശ്ലീഹൻമാർക്ക് വിഭജിച്ച് നൽകിയതിനേയും അനുസ്മരിക്കുന്നു.

**സൂത്താറാ:** ഗത്സമെൻ തോട്ടത്തിൽവെച്ചുള്ള യേശുക്രിസ്തുവിന്റെ മാനസികപീഢ പ്രത്യേകമായി അനുസ്മരിക്കുന്നു.

**രാത്രി:** അന്നാസ്, കയ്യാപ്പാസ്, ഹേറോദോസ് എന്നിവരുടെ മുമ്പാകെ യേശു വിസ്തരിക്കപ്പെട്ടതിനെ അനുസ്മരിക്കുന്നു.

**പ്രഭാതം :** പീലാത്തോസ് യേശുവിനെ മരണത്തിന് വിധിച്ചതിനെ അനുസ്മരിക്കുന്നു.

**മൂന്നാംമണി :** യേശു തന്റെ കൊലമരമായ കുരിശ് ഏറ്റുവാങ്ങി കാൽവരിക്കുന്നിലേക്ക് ചുമന്നുകൊണ്ടു പോയതിനെ അനുസ്മരിക്കുന്നു.

**ആറാംമണി :** യേശു കുരിശിൽ തറയ്ക്കപ്പെട്ടതിനെ അനുസ്മരിക്കുന്നു.

**ഒൻപതാംമണി :** യേശു കുരിശിൽ ജീവൻ വെടിഞ്ഞതിനെ പ്രത്യേകം അനുസ്മരിക്കുന്നു. അതോടൊപ്പം ശാബതം ആരംഭിക്കുന്ന സന്ധ്യയ്ക്കുമുമ്പ് യൗസേപ്പും നിക്കോദിമോസും ചേർന്ന് യേശുവിന്റെ ശരീരം ഏറ്റുവാങ്ങി യഹൂദാചാരപ്രകാരം സംസ്കരിച്ചതിനെയും അനുസ്മരിക്കുന്നു.

40. സ്ലീബാ ആഘോഷം നടത്തുന്ന പെരുന്നാളുകൾ ഏവ?

    ദനഹാ, പാതിനോമ്പ്, ഓശാന, ദുഃഖവെള്ളിയാഴ്ച, ഉയർപ്പ്, സ്വർഗ്ഗാരോഹണം.

41. ലുത്തീനിയകൾ ചേർത്തിരിക്കുന്ന ശുശ്രൂഷകൾ ഏവ?

    ദനഹാ, ഓശാന, പെന്തിക്കോസ്തി, മൂറോൻ കൂദാശ, പള്ളികൂദാശ, ശവസംസ്കാരം.

www.malankaralibrary.com

## പ്രധാന തിരുന്നാളുകളും അവയോടനുബന്ധിച്ചുള്ള പ്രത്യേക ശുശ്രൂഷകളും

| | | |
|---|---|---|
| ജനനപ്പെരുന്നാൾ | : | തീ ഉഴലിച്ച ശുശ്രൂഷ |
| ദനഹാപ്പെരുന്നാൾ | : | വെള്ളം വാഴ്വ് |
| വലിയ നോമ്പ് | : | ശുബുക്കോനോ ശുശ്രൂഷ |
| പാതിനോമ്പ് | : | ഗോഗുൽത്താ സ്ഥാപനം |
| ഓശാന ഞായർ | : | കുരുത്തോല വാഴ്വ് |
| വാദെ ദൽമീനോ | : | പത്തു കന്യകമാരുടെ ഉപമയെ അടിസ്ഥാനമാക്കിയുള്ള പ്രദക്ഷിണം |
| പെസഹാ വ്യാഴാഴ്ച | : | കാൽകഴുകൽ |
| ദുഃഖവെള്ളിയാഴ്ച | : | സ്ലീബാ ആഘോഷം |
| പെന്തിക്കോസ്തി | : | മുട്ടുകുത്തൽ ശുശ്രൂഷ |
| സ്ലീബാ പെരുന്നാൾ | : | സ്ലീബാ ആഘോഷം |



www.malankaralibrary.com

# സഭയിലെ നോമ്പുകൾ

1. അമ്പതുനോമ്പ് (വലിയനോമ്പ്)
   യേശുക്രിസ്തുവിന്റെ പീഢാനുഭവത്തിന്റെയും മരണത്തിന്റെയും ഉയിർപ്പിന്റെയും ഒരുക്കമായി ഈ നോമ്പ് ആചരിക്കുന്നു.
2. ഇരുപത്തിയഞ്ചുനോമ്പ് (ഡിസംബർ 1 മുതൽ 25 വരെ)
   യേശുക്രിസ്തുവിന്റെ ജനനപ്പെരുന്നാളിന്റെ ഒരുക്കമായി ഈ നോമ്പ് ആചരിക്കുന്നു.
3. മൂന്ന് നോമ്പ്
   നിനുവേക്കാരെപ്പോലെ മാനസാന്തരത്തിന്റെ അനുഭവത്തിലേക്ക് സഭാതനയർ അടുത്തുവരുന്നതിന് ഈ നോമ്പാചരണം സഹായിക്കുന്നു.

**ഈ മൂന്നു നോമ്പുകൾ കൂടാതെ, നിയമപരമായ കടമയില്ലെങ്കിലും ഭക്തിപരമായി ആചരിക്കുവാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന നോമ്പുകൾ താഴെപ്പറയുന്നവയാണ്.**

1. ശ്ലീഹാനോമ്പ് (പതിമൂന്ന് നോമ്പ്-ജൂൺ 16 മുതൽ 29 വരെ)
   വിശുദ്ധ പത്രോസ്, പൗലോസ് ശ്ലീഹൻമാരുടെ തിരുനാളുമായി ബന്ധപ്പെട്ട് പതിമൂന്ന് ദിവസം സഭയിൽ ആചരിക്കുന്ന നോമ്പ്.
2. പതിനഞ്ച് നോമ്പ് (ശൂനോയോ നോമ്പ്-ആഗസ്റ്റ് 1 മുതൽ 15 വരെ)
   പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണതിരുനാളിന്റെ ഒരുക്കമായി പതിനഞ്ചുദിവസം ആചരിക്കുന്ന നോമ്പ്.
3. എട്ടുനോമ്പ് (സെപ്റ്റംബർ 1 മുതൽ 8 വരെ)
   പരിശുദ്ധ ദൈവമാതാവിന്റെ ജനനത്തിരുനാളിന്റെ ഒരുക്കമായി ആചരിക്കുന്ന നോമ്പ്.

## മാറാനായ പെരുന്നാളുകൾ

1. യൽദാ (ക്രിസ്തുമസ്)
2. ദനഹാ (യേശുക്രിസ്തുവിന്റെ മാമ്മോദീസ)
3. മായൽത്തോ (യേശുക്രിസ്തുവിന്റെ ദേവാലയപ്രവേശനം)
4. ക്യംതാ (ഉയിർപ്പ്)
5. സൂലോക്കോ (സ്വർഗാരോപണം)
6. പെന്തിക്കോസ്തി (അൻപതാംപെരുന്നാൾ)
7. മ്ത്താലെ (തേജസ്ക്കരണം)

**മാറാനായ പെരുന്നാളുകൾ പോലെ ആചരിക്കേണ്ട പെരുന്നാളുകൾ**

1. ദുക്റോനോ – ജൂലൈ 3 (മാർത്തോമ്മാ ശ്ലീഹായുടെ രക്തസാക്ഷിത്വം)
2. ശൂനോയോ – ആഗസ്റ്റ് 15 (ദൈവമാതാവിന്റെ സ്വർഗ്ഗാരോപണം)
3. സൂബോറോ – മാർച്ച് 25 (വചനിപ്പ് പെരുന്നാൾ)




10

# ദേവാലയവും വിശുദ്ധവസ്തുക്കളും

1. ദേവാലയത്തെ എത്ര ഭാഗങ്ങളായി തിരിച്ചിരിക്കുന്നു? അവ എന്തിനെ സൂചിപ്പിക്കുന്നു?

ദേവാലയത്തെ പ്രധാനമായും ആറു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

a. മൊണ്ടളം: പ്രപഞ്ചത്തെ സൂചിപ്പിക്കുന്നു

b. ഹൈക്കല: ഭൂമിയെ സൂചിപ്പിക്കുന്നു

c. കെസ്ത്രോമ: ഗായക സംഘത്തിന് ദൈവസ്തുതികൾ ആലപിക്കുന്നതിനായി ക്രമീകരിച്ചിരിക്കുന്ന സ്ഥലം

d. മദ്ബഹ : സ്വർഗ്ഗത്തെ സൂചിപ്പിക്കുന്നു.

e. മദ്ബഹായിലേക്കുള്ള മൂന്ന് പടികൾ: സ്വർഗ്ഗത്തിലെ കോവണിയെ സൂചിപ്പിക്കുന്നു.

f. ത്രോണോസ്: ദൈവത്തിന്റെ സിംഹാസനം

2. ദേവാലയത്തിലെ അതിവിശുദ്ധ സ്ഥലം ഏത്?

മദ്ബഹാ

www.malankaralibrary.com

3. ദേവാലയത്തിലെ ഏറ്റവും വലിയ ഭാഗം?

   ഹൈക്കല (ആരാധന സ്ഥലം)

4. വി.കുർബാന അർപ്പിക്കുന്ന സ്ഥലം?

   ത്രോണോസ്

5. ത്രോണോസ് എന്ന സുറിയാനി വാക്കിന്റെ അർത്ഥം?

   സിംഹാസനം

6. വി.കുർബ്ബാന അർപ്പിക്കുന്നതിന് കാസായും പീലാസയും വയ്ക്കുന്ന ചെറിയ പലക?

   തബലീത്ത / ചെറിയ ത്രോണോസ്



**ചിത്തോല**

ത്രോണോസിനെ അലങ്കരിക്കുന്ന പട്ടുവസ്ത്രം

7. ചിത്തോല എന്തിനെ സൂചിപ്പിക്കുന്നു?

   കബറടക്കസമയത്ത് കർത്താവായ ക്രിസ്തുവിന്റെ തിരുശരീരം പൊതിഞ്ഞ മേൽത്തരം പട്ടുവസ്ത്രത്തെ സൂചിപ്പിക്കുന്നു

8. ചിത്തോലയെ എത്ര ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. അവയുടെ നിറം?

   മൂന്നായി, മൂന്ന് ഭാഗങ്ങളിലേയും നിറം ചുവപ്പ്

9. ചിത്തോലയിലെ മൂന്ന് ഖണ്ഡങ്ങളിലേയും ഒരേ നിറം നൽകുന്ന സൂചന?

   ത്രിത്വത്തിലെ മൂന്നുപേരും സാരാംശത്തിൽ സമൻമാരാണെന്ന് സൂചിപ്പിക്കുന്നു.

**ശോശാപ്പാ**

കാസായും പീലാസയും മൂടുന്ന വെള്ളത്തുണി.

10. ശോശാപ്പാ എന്തിനെ സൂചിപ്പിക്കുന്നു?

    വിശുദ്ധ രഹസ്യങ്ങളിൽ മറഞ്ഞിരിക്കുന്ന ദൈവത്തിന്റെ അദൃശ്യാവസ്ഥയെ ഇതു സൂചിപ്പിക്കുന്നു. ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങൾക്ക് മരുഭൂമിയിൽ വെച്ച് വെള്ളം നൽകിയ തീക്കൽപ്പാറയേയും കർത്താവിന്റെ കബറിങ്കൽ വയ്ക്കപ്പെട്ട കല്ലിനേയും ഇതു സൂചിപ്പിക്കുന്നു.

www.malankaralibrary.com

11. ദേവാലയത്തിലെ തിരശ്ശീല എന്തിനെ സൂചിപ്പിക്കുന്നു?

തിരശീല ത്രോണോസിന്റെ രഹസ്യാത്മകതയും വിശുദ്ധിയും സൂചിപ്പിക്കുന്നു.

12. **മർബഹാസ**

ത്രോണോസിന് ചുറ്റും നിൽക്കുന്ന മാലാഖമാരുടെ സാന്നിധ്യത്തെ സൂചിപ്പിക്കുന്ന ഉപകരണമാണ് മർബഹാസ

**ധൂപക്കുറ്റി**



13. ധൂപക്കുറ്റി എന്തിനെ സൂചിപ്പിക്കുന്നു?

ധൂപക്കുറ്റി ദൈവമാതാവിനേയും അഗ്നി വിശുദ്ധ കന്യകയുടെ ഉദരത്തിൽ വസിച്ച ദൈവപുത്രനെയും സൂചിപ്പിക്കുന്നു.

14. ധൂപക്കുറ്റിയുടെ ചങ്ങലകൾ എന്തിനെ സൂചിപ്പിക്കുന്നു?

നാലു ചങ്ങലകളാണ് ധൂപക്കുറ്റിയിലുള്ളത്. ചങ്ങലകളിൽ ഒന്നാമത്തേത് പിതാവായ ദൈവത്തേയും രണ്ടാമത്തേതും മൂന്നാമത്തേതും മനുഷ്യാവതാരം ചെയ്ത ദൈവവും മനുഷ്യനുമായ പുത്രൻ തമ്പുരാനെയും ചങ്ങലകളിൽ നാലാമത്തേത് പരിശുദ്ധാത്മാവായ ദൈവത്തേയും സൂചിപ്പിക്കുന്നു.

15. ധൂപക്കുറ്റിയിലെ മണികളുടെ സൂചന എന്ത്?

ധൂപക്കുറ്റിയുടെ നാലുചങ്ങലകളിലായി പന്ത്രണ്ടു മണികളാണുള്ളത്. പന്ത്രണ്ടു മണികൾ പന്ത്രണ്ട് ശ്ലീഹൻമാരേയും ചങ്ങലകളിലെ 72 കണ്ണികൾ 72 അറിയിപ്പുകാരേയും സൂചിപ്പിക്കുന്നു.

16. വിരിക്കൂട്ടത്തിലെ നിറങ്ങളുടെ സൂചന?

ചുവപ്പ് : പ്രപഞ്ചം, പച്ച : ഭൂമി, വെള്ള : സഭ


www.malankaralibrary.com

11

# പദങ്ങളുടെ അർത്ഥം

| | | |
|---|---|---|
| ശ്ലോമ്മോ | : | സമാധാനം |
| പുശ്ബശ്ലോമ്മോ | : | സമാധാനത്തോടെ വസിക്കുക |
| ആലോഹോ | : | ദൈവം |
| മോറാൻ | : | ഞങ്ങളുടെ കർത്താവ് |
| ശൈനോ | : | ശാന്തി |
| ദയറാ | : | സന്യാസാശ്രമം |
| സ്തൗമെൻകാലോസ് | : | നമുക്ക് നന്നായി നിൽക്കാം |
| ഏവൻഗേലിയോൻ | : | സുവിശേഷം |
| പാറക്കലീത്ത | : | ആശ്വാസപ്രദൻ/പരിശുദ്ധാത്മാവ് |

www.malankaralibrary.com

| | | |
|---|---|---|
| കാദീശ് | : | പരിശുദ്ധൻ |
| നിബിയ | : | പ്രവാചകൻ |
| സഹദാ | : | രക്തസാക്ഷി |
| മല്പാൻ | : | ഗുരു |
| കൊഹനോ | : | വൈദികൻ |
| ദയറായക്കാർ | : | സന്യാസികൾ |
| കശ്ശീശോ | : | പുരോഹിതൻ |
| മസ്മൂറോ | : | സങ്കീർത്തനം |
| ബോവൂസോ | : | അപേക്ഷ |
| ക്യംതാ | : | ഉയർപ്പ് |
| എനിയൊനൊ | : | പ്രതിവാക്യ പ്രാർത്ഥന |
| കൗമ | : | നിലനില്പ്, നിന്നുകൊണ്ടുള്ള പ്രാർത്ഥന |
| പ്രുമിയോൻ | : | മുഖവുര/ആമുഖ പ്രാർത്ഥന |
| യൽദോ | : | ജനനം, ക്രിസ്തുമസ് |
| കുക്കിലിയോൻ | : | ചക്രം, വൃത്തം, ഹാലേലൂയ്യാ ചേർത്ത് സങ്കീർത്തനം പാടുന്നത് |
| കുറിയേലായിസോൻ (ഗ്രീക്ക് പദം) | : | കർത്താവെ ഞങ്ങളോട് കരുണചെയ്യണമേ |
| ഒക്സിയോസ് (ഗ്രീക്ക് പദം) | : | യോഗ്യൻ |
| ഹൂത്തോമോ | : | മുദ്ര, സമാപന പ്രാർത്ഥന |
| കോലൊ | : | ശബ്ദം, ഗീതം |

www.malankaralibrary.com

| | | |
|---|---|---|
| ശ്ലോമ്മോ | : | സമാധാനം |
| സ്ലീബാ | : | കുരിശ് |
| ഹാലേലൂയ്യാ | : | സ്തുതി |
| ഫെസ്ഗോമോ | : | പ്രതിവാക്യം |
| ഹാശാ | : | കഷ്ടാനുഭവം |
| ആബൂൻ | : | നമ്മുടെ പിതാവ് |
| സെദറാ | : | ക്രമം |
| എത്രോ | : | ധൂപാർപ്പണ പ്രാർത്ഥന |
| ദർഗാ | : | പടി/പദവി |
| പെന്തിക്കോസ്തി | : | 50–ാം ദിവസം |
| സുലോക്കോ | : | ഉയിർപ്പ് |
| ദനഹ | : | ഉദയം |
| അക്കൽദാമ | : | രക്തത്തിന്റെ പറമ്പ് |
| ആദം | : | മനുഷ്യകുലം |
| ഇസഹാക്ക് | : | ദൈവം ചിരിക്കുന്നു |
| എമ്മാനുവേൽ | : | ദൈവം നമ്മോടു കൂടെ |
| എലിയാസർ | : | ദൈവം സഹായിച്ചു |
| എലോഹിം | : | ദൈവനാമം |
| എസെക്കിയേൽ | : | ദൈവം ശക്തിപ്പെടുന്നു |
| കേപ്പാ | : | പാറ |

www.malankaralibrary.com

| | | |
|---|---|---|
| ഗ്ബ്വാത്ത | : | ശിലാസംവിധാനം |
| ഗാഗുൽത്താ | : | കാപാലസ്ഥലം, തലയോടിടം |
| പാറക്ലേത്ത | : | ആശ്വാസപ്രദൻ |
| പെസഹാ | : | കടന്നുപോക്ക് |
| ബേത്‌ലഹേം | : | അപ്പത്തിന്റെ സ്ഥലം |
| ബൈബിൾ | : | ഗ്രന്ഥം |
| ബഥേൽ | : | ദൈവഭവനം |
| മന്ന | : | ഇതെന്താണ് |
| ശ്ലീഹാ | : | അയയ്ക്കപ്പെട്ടവൻ |
| സാബത്ത് | : | വിശ്രമദിനം |
| സെഫാനിയ | : | ദൈവരഹസ്യം |
| സിനഗോഗ് | : | കൂട്ടം |
| മിശിഹാ | : | അഭിഷിക്തൻ |
| മലാക്കി | : | എന്റെ ദൂതൻ |
| മത്തായി | : | ദൈവദാനം |
| കോലോ | : | വിളിക്കുക |
| ദുക്റാന | : | അനുസ്മരണം |
| ശൂനോയോ | : | മാതാവിന്റെ സ്വർഗ്ഗാരോപണം |
| ഹവ്വാ | : | ജീവൻ |
| എഫ്ഫാത്ത | : | തുറക്കപ്പെട്ട |

www.malankaralibrary.com

**മെത്രാൻമാരുടെ പേരുകളും അവയുടെ അർത്ഥവും**

1. ബസേലിയോസ് : രാജാവ്
2. തിമോത്തിയോസ് : ദൈവത്തെ ആരാധിക്കുന്നവൻ
3. പീലക്സിനോസ് : അപരിചിതരുടെ സ്നേഹിതൻ
4. ഈവാനിയോസ് : ദൈവം കരുണയുള്ളവൻ
5. തെയോഫിലോസ് : ദൈവസ്നേഹിതൻ
6. ഗ്രിഗോറിയോസ് : ജാഗ്രതയുള്ളവൻ
7. അത്തനാസിയോസ് : മരണമില്ലാത്തവൻ
8. സേവേറിയോസ് : കൃത്യനിഷ്ഠയുള്ളവൻ
9. ഒസ്താത്തിയോസ് : നല്ല നിലയിലുള്ളവൻ
10. ദിവന്നാസിയോസ് : സൂര്യൻ
11. യൗസേബിയൂസ് : ദൈവ ഭക്തിയുള്ളവൻ
12. കൂറിലോസ് : കർത്താവ് കൃപചെയ്തവൻ
13. എപ്പിഫാനിയോസ് : പ്രകാശിപ്പിക്കുന്നവൻ
14. പോളിക്കാർപ്പസ് : ധാരാളം ഫലം പുറപ്പെടുവിക്കുന്നവൻ
15. ഐറേനിയൂസ് : സമാധാനം



www.malankaralibrary.com




## Part - B ആഗോള കത്തോലിക്കാസഭ

1. വിശുദ്ധർ
2. വത്തിക്കാനും മാർപ്പാപ്പമാരും
3. ഭാരതസഭ
4. കാനൻ നിയമം
5. വി. ഫ്രാൻസീസ് അസീസി
6. ബൈബിൾ
7. പരിശുദ്ധ കന്യകമറിയം

www.malankaralibrary.com



# 1. വിശുദ്ധർ

1. കുട്ടികളുടെ മദ്ധ്യസ്ഥൻ?

   വി. ഡൊമിനിക് സാവിയോ

2. സകല വിശുദ്ധരുടേയും ദിനം?

   നവംബർ 1

3. വാഴ്ത്തപ്പെട്ട മദർതെരേസ ദിവംഗതയായ ദിവസം?

   1997 സെപ്റ്റംബർ 5

4. പാദ്രെപിയോയെ വിശുദ്ധനായി പ്രഖ്യാപിച്ചതെന്ന്?

   2002 ജൂൺ 16

5. അൾത്താര ശുശ്രൂഷകരുടെ മദ്ധ്യസ്ഥൻ?

   വി. ജോൺ ബർക്കുമാൻസ്

6. മതാദ്ധ്യാപകരുടെ മദ്ധ്യസ്ഥൻ?

   വി. ചാൾസ് ബൊറോമയോ

7. തിരുസഭയുടെ മദ്ധ്യസ്ഥൻ?

   വി. യൗസേഫ്

www.malankaralibrary.com

8. പെൺകുട്ടികളുടെ മദ്ധ്യസ്ഥ?

വി. ആഗ്നസ്

9. ചെറുപുഷ്പം എന്നറിയപ്പെടുന്ന വിശുദ്ധ?

വി. കൊച്ചുത്രേസ്യാ

10. അദ്ധ്യാപകരുടെ മദ്ധ്യസ്ഥ?

വി. കാതറിൻ

11. കുമ്പസാര രഹസ്യം സൂക്ഷിക്കുന്നതിനുവേണ്ടി ജീവത്യാഗം ചെയ്ത വിശുദ്ധൻ?

വി. ജോൺ നെപ്പോമൂസെൻ

12. തിരുസഭയിലെ ഏറ്റവും വലിയ ദൈവശാസ്ത്രജ്ഞൻ?

വി. തോമസ് അക്വീനാസ്

13. വിശുദ്ധരിൽ വിജ്ഞാനിയും വിജ്ഞാനികളിൽ വിശുദ്ധനുമായി അറിയപ്പെടുന്ന വ്യക്തി?

വി. അഗസ്റ്റിൻ

14. പ്രസംഗകരുടെ മദ്ധ്യസ്ഥൻ?

വി. ജോൺ ക്രിസോസ്റ്റം

15. ആഗോള മിഷൻ മദ്ധ്യസ്ഥ?

വി. കൊച്ചുത്രേസ്യ

16. യുവലോകത്തിന് മാതൃക എന്ന് 12-ാം പീയൂസ് പാപ്പാ പറഞ്ഞത് ആരെ?

വി. ഡൊമിനിക് സാവിയോയെ

17. റെഡ്ക്രോസ് സൊസൈറ്റിയുടെ സ്ഥാപകരിൽ ഒരാളായ വിശുദ്ധൻ?
വി. കമില്ലസ്

18. വൈദികരുടെ മദ്ധ്യസ്ഥൻ?

വി. ജോൺ മരിയ വിയാനി

19. മതബോധനത്തിന്റെ പാപ്പാ എന്നറിയപ്പെടുന്നത് ആരെ?

വി. പത്താം പീയൂസ്

20. വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ സഭ ആഘോഷിക്കുന്ന ദിനം?

ആഗസ്റ്റ് 4

www.malankaralibrary.com

21. ജപമാല ഭക്തി പ്രചരിപ്പിച്ച വിശുദ്ധൻ?

വി. ഡൊമനിക്

22. നവീകൃത കർമ്മലീത്താ സഭയുടെ സ്ഥാപക?

ആവിലായിലെ അമ്മ ത്രേസ്യ

23. വി. മരിയ വിയാനിയുടെ ജന്മസ്ഥലം?

ഫ്രാൻസിലെ ഡാർസിലിയിൽ

24. മരിയ വിയാനി വികാരിയായിരുന്ന സ്ഥലമേത്?

ആർസ് (ഫ്രാൻസ്)

25. അമ്മമാരുടെ മദ്ധ്യസ്ഥ?

വി. മോനിക്ക

26. മിഷണറിമാരുടെ മദ്ധ്യസ്ഥൻ?

വി. ഫ്രാൻസീസ് സേവ്യർ

27. വിദ്യാലയങ്ങളുടെ മദ്ധ്യസ്ഥൻ?

വി. തോമസ് അകിനാസ്

28. ക്രിസ്തീയ കുടുംബങ്ങളുടെ മദ്ധ്യസ്ഥ?

വി. അന്ന

29. ജീവകാരുണ്യ പ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥൻ ആര്?

വി. വിൻസെന്റ് ഡി പോൾ

30. യുവജനങ്ങളുടെ മദ്ധ്യസ്ഥൻ ആര്?

വി. ഡോൺ ബോസ്കോ

31. ദൈവശാസ്ത്രജ്ഞരുടെ മദ്ധ്യസ്ഥൻ ആര്?

വി. അൽഫോൺസ് ലിഗോരി

32. അസാധ്യ കാര്യങ്ങളുടെ മദ്ധ്യസ്ഥൻ?

വി. ജസ്റ്റിൻ

33. കർഷകരുടെ മദ്ധ്യസ്ഥൻ?

വി. ഇസിദോർ

34. എം.സി.വൈ.എമ്മിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ?

വി. ഫ്രാൻസീസ് അസീസി

35. കേരള സഭയിലെ ആദ്യ വിശുദ്ധ?

വി. അൽഫോൻസാമ്മ

www.malankaralibrary.com

36. ഭാരതത്തിൽ നിന്ന് വിശുദ്ധരുടെ ഗണത്തിലേയ്ക്കുയർത്തപ്പെട്ടവർ?
വി.അൽഫോൻസാമ്മ, വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, വി. എവുപ്രാസ്യാമ്മ
37. സീറോ മലങ്കര കത്തോലിക്കാ സഭയിൽ നിന്ന് ദൈവദാസൻമാരുടെ പദവിയിലേക്ക് ഉയർത്തപ്പെട്ട മെത്രാപ്പോലീത്താ?
ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ

## 2. വത്തിക്കാനും മാർപാപ്പമാരും



1. ഫ്രാൻസീസ് മാർപാപ്പ എത്രാമത്തെ മാർപാപ്പയാണ്? 266
2. സ്വമനസ്സാലെ സ്ഥാനം രാജിവെച്ച മാർപാപ്പമാർ?
ജോൺ പതിനെട്ടാമൻ (1004–1009), ബനഡിക്ട് പതിനാറാമൻ മാർപാപ്പ (2013)
3. റോമിലെ ചെരുപ്പുകുത്തിയുടെ മകനായിരുന്ന പാപ്പ?
സെർജീയൂസ് നാലാമൻ, പാവപ്പെട്ടവരുടെ സ്നേഹിതൻ എന്നും അറിയപ്പെട്ടിരുന്നു.
4. തിരഞ്ഞെടുക്കപ്പെട്ടെങ്കിലും സ്വയം പിന്മാറിയ പാപ്പ?
ബനഡിക്ട് പത്താമൻ (1058)
5. മാതാവിന്റെ സ്വർഗ്ഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിച്ച പാപ്പാ?
പീയൂസ് പന്ത്രണ്ടാമൻ (1939 – 1958)
6. 'സോഷ്യലിസ്റ്റ് പാപ്പ' എന്നറിയപ്പെടുന്ന പാപ്പാ?
ലെയോ പതിമൂന്നാമൻ
7. 'മിഷൻ പാപ്പാ' ആര്?
പീയൂസ് XI
8. 'സഭൈക്യത്തിന്റെ പാപ്പാ' ആര്?
ജോൺ XXIII
9. ഭാരതം സന്ദർശിച്ച ആദ്യത്തെ പാപ്പാ?
പോൾ ആറാമൻ

www.malankaralibrary.com

10. കേരളം സന്ദർശിച്ച ആദ്യ പാപ്പാ?
വി. ജോൺ പോൾ രണ്ടാമൻ
11. 'പോപ്പ്' എന്ന പദത്തിന്റെ അർത്ഥം?
പിതാവ്
12. എത്ര മാർപാപ്പമാരെ സഭ വിശുദ്ധരായി പ്രഖ്യാപിച്ചിട്ടുണ്ട്?
81
13. 'വി. കുർബാനയുടെ പാപ്പ' ആര്?
വി. പത്താം പീയൂസ്
14. ഒക്ടോബർ മാസം ജപമാല മാസമായി പ്രഖ്യാപിച്ചത്?
പതിമൂന്നാം ലെയോ പാപ്പ
15. 17-ാം നൂറ്റാണ്ടുമുതൽ മാർപാപ്പ വേനൽക്കാലവസതിയായി ഉപയോഗിക്കുന്ന സ്ഥലം?
കാസ്റ്റൽ ഗൊണ്ടോൾഫോ
16. കുരിശിന്റെ വഴിക്ക് ഔദ്യോഗികാംഗീകാരം നൽകിയ പാപ്പ?
ക്ലമന്റ് പന്ത്രണ്ടാമൻ
17. മുപ്പത്തിനാലു ദിവസം മാത്രം സഭയെ ഭരിച്ച മാർപാപ്പ ആര്?
ജോൺപോൾ ഒന്നാമൻ
18. മാർപാപ്പ സ്വന്തം കയ്യൊപ്പോടുകൂടി സഭയ്ക്ക് പൊതുവായോ വ്യക്തികൾക്കോ എഴുതുന്ന കത്ത്?
മോത്തു പ്രോപ്രിയോ
19. രണ്ടാം വത്തിക്കാൻ സൂന്നഹദോസിനെ അഭിനവ പെന്തക്കോസ്താ എന്ന് വിശേഷിപ്പിച്ചത്?
ജോൺ 23-ാമൻ മാർപാപ്പ
20. വത്തിക്കാനിലെ ഏറ്റവും പ്രസിദ്ധമായ ശിൽപം?
പിയാത്ത
21. വത്തിക്കാന്റെ ഔദ്യോഗിക മുഖപത്രം?
ലൊസർവാത്തോരെ റോമാനൊ
22. ഒരു രാജ്യത്തിൽ മാർപാപ്പയുടെ പ്രതിനിധി?
അപ്പസ്തോലിക് ന്യൂൺഷ്യോ
23. തിരുബാലസഖ്യം സാർവ്വത്രിക സഭയിൽ നടപ്പിലാക്കിയ മാർപാപ്പ?
11-ാം പീയൂസ് മാർപാപ്പ, 1950

www.malankaralibrary.com

24. 'പരി. കന്യാമറിയത്തിന്റെ ജപമാല' എന്ന അപ്പോസ്തോലിക ലേഖനം എഴുതിയതാര്?

    വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ

25. മാതാവിന്റെ സ്വർഗ്ഗാരോപണം വിശ്വാസ സത്യമായി പ്രഖ്യാപിച്ച തിരുവെഴുത്ത്?

    മുനിഫിചെന്തിസിമൂസ് ദേവൂസ്

26. 'രക്ഷകന്റെ അമ്മ' എന്ന ചാക്രികലേഖനം ഏത് മാർപ്പയുടേതാണ്?

    വി. ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ

27. പ്രകാശത്തിന്റെ രഹസ്യങ്ങൾ ജപമാലയിൽ കൂട്ടിച്ചേർത്ത മാർപാപ്പ?

    വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ

28. പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണതിരുനാൾ ആഗസ്റ്റ് 15-ാം തീയതി എന്ന് നിശ്ചയിച്ച മാർപാപ്പ?

    വി. നിക്കോളാസ് ഒന്നാമൻ മാർപാപ്പ

29. മതബോധനത്തിന്റെ പാപ്പ എന്നറിയപ്പെടുന്നത് ആരെ?

    വി. പത്താം പീയൂസ്

30. മാർ ഈവാനിയോസിനേയും അനുയായികളേയുംകത്തോലിക്കാ സഭയിലേക്ക് സ്വീകരിക്കുന്നതിന് അനുവാദം നൽകിയ മാർപാപ്പ?

    പതിനൊന്നാം പീയൂസ് മാർപാപ്പ

31. 'സത്യത്തിൽ സ്നേഹം' എന്ന ചാക്രികലേഖനം എഴുതിയ മാർപാപ്പ?

    ബനഡിക്ട് പതിനാറാമൻ

32. കർദ്ദിനാൾ സംഘത്തിന് പൊതുവിൽ പറയുന്ന പേരെന്ത്?

    കോളേജ് ഓഫ് കാർഡിനൽസ്

33. സഭൈക്യത്തിന്റെ പാപ്പ എന്നറിയപ്പെടുന്ന മാർപാപ്പ?

    ജോൺ ഇരുപത്തിമൂന്നാമൻ

34. പൗരസ്ത്യ തിരുസംഘം നിലവിൽ വന്നത്? ആരാണ് സ്ഥാപിച്ചത്?

    1917 മെയ് 1ന്, ബനഡിക്ട് 15-ാമൻ മാർപാപ്പ സ്ഥാപിച്ചു

35. അനുദിന ദിവ്യകാരുണ്യം നടപ്പിൽ വരുത്തിയ പാപ്പ?

    വി. പത്താം പീയൂസ് (1903 - 1914)

www.malankaralibrary.com

36. സഭകളുടെ ലോകകൗൺസിൽ സ്ഥാപിച്ച പാപ്പ?

പീയൂസ് പന്ത്രണ്ടാമൻ പാപ്പ

37. സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ ബാൽക്കണിയിൽ നിന്നു കൊണ്ട് മാർപാപ്പ ലോകത്തിനും നഗരത്തിനും നൽകുന്ന ആശീർവാദത്തിന് പറയുന്ന പേര്?

ഊർബി എത്ത് ഓർബി

38. ഒന്നാമത്തെ മാർപ്പാപ്പ?

വി. പത്രോസ്

39. വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ കേരളം സന്ദർശിച്ചത്?

1986 ഫെബ്രുവരി 8

40. സഭയിലെ രണ്ടാമത്തെ മാർപാപ്പ?

വി. ലിനൂസ് മാർപാപ്പ

41. വി. കുർബാനയുടെ മാർപാപ്പ?

പത്താം പീയൂസ് മാർപാപ്പ

42. രണ്ടാം വത്തിക്കാൻ സൂന്നഹദോസ് നടന്നത്?

1962 – 1965

43. 'ഞാൻ ദരിദ്രനായി ജനിച്ചു. ദരിദ്രനായി ജീവിച്ചു. ദരിദ്രനായി മരിക്കും.' ഇത് ആരുടെ വാക്കുകൾ?

വി. പത്താം പീയൂസ്

44. വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ കാലം ചെയ്തത്?

2005 ഏപ്രിൽ 2

45. പ്രാപഗാന്ത തിരുസംഘം സ്ഥാപിച്ച പാപ്പ?

ഗ്രിഗറി പതിനഞ്ചാമൻ 1621 – 1623

46. മാർപാപ്പയ്ക്കുള്ള സ്ഥാനങ്ങളേവ?

മെത്രാൻ, ലത്തീൻ സഭാ പാത്രിയാർക്കീസ്, ആഗോള കത്തോലിക്കാ സഭാ തലവൻ

**47. ആദ്‌ലമീന എന്നാലെന്ത്?**

കത്തോലിക്കാ സഭയിലെ എല്ലാ മെത്രാന്മാരും അഞ്ചുവർഷത്തിലൊരിക്കൽ റോമിലെത്തി വി. പത്രോസിന്റേയും വി. പൗലോസിന്റേയും ശവകുടീരങ്ങൾ സന്ദർശിച്ച് പ്രാർത്ഥിക്കാനും പത്രോസിന്റെ പിൻഗാമി മാർപാപ്പയ്ക്ക് രൂപതാ ഭരണറിപ്പോർട്ട് റോമിൽ സമർപ്പിക്കാനുള്ള സന്ദർശനം.

www.malankaralibrary.com

48. മാർപാപ്പയെ തിരഞ്ഞെടുക്കാനുള്ള അധികാരം ആർക്കാണുള്ളത്?

കർദ്ദിനാളന്മാർക്ക്

49. പാലിയം എന്നാലെന്ത്?

ആറു കുരിശുകൾ ആലേഖനം ചെയ്തിട്ടുള്ള വെളുത്ത കമ്പിളി നാട. കത്തോലിക്കാ സഭയിലെ ആർച്ചുബിഷപ്പുമാർക്ക് സ്ഥാന സമ്പൂർണ്ണതയുടെ പ്രതീകമായി മാർപാപ്പ നൽകുന്നതാണിത്.

50. മാർപാപ്പാമാരെ തിരഞ്ഞെടുക്കുന്നതിനായുള്ള കർദ്ദിനാൾമാരുടെ കൂടിവരവ്?

കോൺക്ലേവ്

## 3. ഭാരത സഭ

1. മാർത്തോമ്മാ ശ്ലീഹാ കൊടുങ്ങല്ലൂരിൽ വന്നത്?

എ.ഡി. 52ൽ

2. ഭാരത അപ്പസ്തോലൻ?

മാർത്തോമ്മാ ശ്ലീഹാ

3. ഭാരതത്തിന്റെ രണ്ടാമത്തെ അപ്പസ്തോലൻ?

വി. ഫ്രാൻസീസ് സേവ്യർ

4. മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച ദേവാലയങ്ങൾ ഏവ?

പാലയൂർ, കൊടുങ്ങല്ലൂർ, കോട്ടക്കാവ്, കോക്കമംഗലം, നിരണം, കൊല്ലം, നിലയ്ക്കൽ

5. മാർത്തോമ്മാ ശ്ലീഹാ രക്തസാക്ഷിയായത് എന്ന്?

എ.ഡി. 72 ജൂലൈ 3

6. മാർത്തോമ്മാ ശ്ലീഹായുടെ രക്തസാക്ഷിത്വദിനമായ ജൂലൈ മൂന്ന് അറിയപ്പെടുന്നത്? ദുക്റാന

7. വി. തോമാശ്ലീഹാ ഭാരതഅപ്പസ്തോലനായി പ്രഖ്യാപിക്കപ്പെട്ടത്?

1972 മാർച്ച് 25

8. ഭാരതത്തിന്റെ രണ്ടാമത്തെ അപ്പോസ്തോലനായ വി. ഫ്രാൻസീസ് സേവ്യർ ഇന്ത്യയിൽ വന്ന വർഷം?

1542

www.malankaralibrary.com

9. ഉദയംപേരൂർ സൂന്നഹദോസ് നടന്ന വർഷം?

1599

10. കൂനൻ കുരിശു സത്യം നടന്ന വർഷം?

1653

11. മുളന്തുരത്തി സൂന്നഹദോസ് നടന്ന വർഷം?

1876

12. സുറിയാനിക്കാർക്കായി നിയമിക്കപ്പെട്ട പ്രഥമ ലത്തീൻ മെത്രാൻ?

ഫ്രാൻസിസ് റോസ് എസ്.ജെ

13. ഒന്നാം വത്തിക്കാൻ കൗൺസിലിൽ സംബന്ധിച്ച കേരളത്തിൻ നിന്നുള്ള വിദേശമെത്രാൻ?

ലെയണാദ് മെല്ലാനോ

14. കേരളത്തിലെ എക്യുമെനിക്കൽ ദേവാലയം?

നിലയ്ക്കൽ

15. പുത്തൻപാന എഴുതിയത് ആര്?

ആർണോസ് പാതിരി

16. മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിച്ചത്?

1912 സെപ്റ്റംബർ 15-ന്

17. സുറിയാനി യാക്കോബായ സഭയുടെ തലവൻ?

അന്ത്യോക്യ യാക്കോബായ പാത്രിയർക്കീസ്

18. യാക്കോബായ സഭയിൽ ആംഗ്ളിക്കൻ മിഷണറിമാർ പ്രവർത്തിച്ചതിന്റെ ഫലമായി രൂപംകൊണ്ട സഭ?

മാർത്തോമ്മാ സഭ

19. തോഴിയൂർ സഭയിലെ പൗലോസ് മാർ പീലിക്സീനോസ് കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടത്?

1977 ആഗസ്റ്റ് 28

www.malankaralibrary.com

20. ഇന്ത്യയിലെ ലത്തീൻ ഹയരാർക്കി സ്ഥാപിച്ചത് എന്ന്?

1886 ഒക്ടോബർ 1

21. ലത്തീൻ ഹയരാർക്കി സ്ഥാപിച്ച മാർപാപ്പ?

ലെയോ പതിമൂന്നാമൻ മാർപാപ്പ

22. മാർപാപ്പാമാരെ തിരഞ്ഞെടുക്കുവാനായി നടന്ന രണ്ടു കോൺക്ലേവുകളിൽ പങ്കടുത്ത സീറോമലബാർ സഭയിലെ മേലദ്ധ്യക്ഷൻ?

കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ, 1978 ആഗസ്റ്റ് 26, 1978 ഒക്ടോബർ 16

23. ഇന്ത്യയിൽ നിന്നുള്ള ആദ്യത്തെ വത്തിക്കാൻ പ്രതിനിധി?

മാർ എബ്രഹാം കട്ടുമന

24. മാർത്താണ്ഡവർമ്മ മഹാരാജാവിൽനിന്ന് വലിയച്ചൻ എന്ന സ്ഥാനപ്പേര് കരസ്ഥമാക്കിയതാര്?

വി.ഫ്രാൻസിസ് അസീസി

25. ഇന്ത്യയിൽ ദിവ്യകാരുണ്യകോൺഗ്രസ് നടന്ന വർഷം?

1964, ബോംബെയിൽ

26. ഈസ്റ്റ് ഇന്ത്യയിൽ അപ്പസ്തോലിക് ന്യൂൺഷ്യേച്ചർ സ്ഥാപിതമായ വർഷം?

1881–ൽ

27. സീറോ മലബാർ സഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ തലത്തിലേക്ക് ഉയർത്തിയ മാർപാപ്പ? വർഷം?

വി. ജോൺ പോൾ രണ്ടാമൻ – 1992 ഡിസംബർ 12

28. സീറോ മലബാർ സഭയുടെ പ്രഥമ ആർച്ചുബിഷപ്പ്?

കർദ്ദിനാൾ ആന്റണി പടിയറ

29. ആദ്യത്തെ സാർവ്വത്രിക സൂന്നഹദോസായ നിഖ്യാ സൂന്നഹദോസ് നടന്നത്?

എ.ഡി. 324ൽ

30. ക്നായിത്തൊമ്മൻ കേരളത്തിൽ വന്ന വർഷം?

എ.ഡി. 345ൽ

www.malankaralibrary.com

31. സീറോ മലബാർ സഭയിലെ ആദ്യത്തെ കർദ്ദിനാൾ?

കാർഡിനൽ ജോസഫ് പാറേക്കാട്ടിൽ


32. മലങ്കര കത്തോലിക്കാ സഭയിയിൽ നിന്നുള്ള പ്രഥമ കർദ്ദിനാൾ?

മേജർ ആർച്ചുബിഷപ്പ് ബസേലിയോസ് കാർഡിനൽ ക്ലീമീസ് കാതോലിക്കാ ബാവ

33. ഇന്ത്യയിലെ ആദ്യത്തെ കത്തോലിക്കാ സർവ്വകലാശാല?

ഡോൺ ബോസ്കോ യൂണിവേഴ്സിറ്റി, ഗോഹട്ടി

## 4. കാനൻ നിയമം




1. സഭയുടെ ഔദ്യോഗിക ഭരണത്തിന് അടിസ്ഥാനമായി നിൽക്കുന്ന നിയമസംഹിത?

   കാനൻ നിയമം

2. കാനൻ എന്ന ഗ്രീക്കുപദത്തിന്റെ അർത്ഥം?

   നിയമം

3. കാനൻ നിയമത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത്?

   പീറ്റർ അബെലാർദ്

4. കാനൻ നിയമസംഹിതയുടെ പിതാവ്? ഗ്രേഷ്യൻ

5. മലങ്കരകത്തോലിക്കാസഭ പിന്തുടരുന്ന കാനൻനിയമം?

   പൗരസ്ത്യ കാനൻ നിയമം

6. ലത്തീൻ കത്തോലിക്കാസഭ പിന്തുടരുന്ന കാനൻനിയമം?

   പശ്ചാത്യ കാനൻനിയമം

7. ലത്തീൻ നിയമസംഹിതയുടെ ഘടന എപ്രകാരമാണ്?

   ഖണ്ഡങ്ങൾ, ശീർഷകങ്ങൾ, അധ്യായങ്ങൾ, നിബന്ധനകൾ, കാനോനകൾ

8. പൗരസ്ത്യ സുറിയാനി സഭയുടെ നിയമസംഹിതയുടെ ഘടന?

   ശീർഷകങ്ങൾ, അദ്ധ്യായങ്ങൾ, നിബന്ധനകൾ, കാനോനകൾ, ഇതിൽ 30 ശീർഷകങ്ങളിലായി 1546 കാനോനകൾ ഉണ്ട്.

www.malankaralibrary.com

## 5 വി. ഫ്രാൻസിസ് അസീസി



1. ജനനം :1181 അസീസി

   മരണം :1226

2. മാതാപിതാക്കൾ :പീറ്റർ ബർണാർദ്,

   പീക്കാ പ്രഭി

3. ഫ്രാൻസിസ് അസീസിയെ വിശുദ്ധനായി നാമകരണം ചെയ്ത മാർപാപ്പ?

   ഗ്രിഗറി നവമൻ മാർപാപ്പ

4. വിശുദ്ധപദവിയിലേക്ക് ഉയർത്തപ്പെട്ടതെന്ന്?

   1228 ജൂലൈ 28

5. വി.ഫ്രാൻസിസ് അസീസി ആഗോളസഭയിൽ ആരുടെ മദ്ധ്യസ്ഥ നായിട്ടാണ് അറിയപ്പെടുന്നത്?

   കച്ചവടക്കാരുടെ

6. വി.ഫ്രാൻസിസ് അസീസിയുടെ പ്രഥമ ശിഷ്യൻ?

   പ്രഭുവംശജനായ ബർനാർദ് ക്വിന്റെവെൻ

7. 'ജീർണ്ണാവസ്ഥ പ്രാപിച്ചിരിക്കുന്നതായ എന്റെ ആലയം പുതുക്കി പണിയുക' ഏതു ദേവാലയത്തിലിരുന്ന് പ്രാർത്ഥിക്കുമ്പോഴാണ് ക്രൂശിത ചിത്രത്തിന് പിന്നിൽ ദൃശ്യമായ വലിയ പ്രകാശത്തിൽ നിന്ന് ഈ സ്വരം വി. ഫ്രാൻസീസ് അസ്സീസി കേട്ടത്?

   വി.ദമിയാനോസിന്റെ ദേവാലയത്തിൽ

8. വി.ഫ്രാൻസിസ് അസീസി പങ്കെടുത്ത സൂന്നഹദോസ്?

   നാലാം ലാറ്ററൻ സുന്നഹദോസ്

9. പീക്കാ പ്രഭിയുടെ ആവശ്യപ്രകാരം ഏത് മെത്രാനാണ് ഫ്രാൻസി സിനോട് മെത്രാസന മന്ദിരത്തിൽ ഹാജരാകാൻ ആവശ്യപ്പെട്ടത്?

   ഗീദോ മെത്രാൻ, അസീസി രൂപത

www.malankaralibrary.com

10. വി.ഫ്രാൻസിസ് അസീസി സ്ഥാപിച്ച സന്യാസസമൂഹം?

നിസ്സാര സഹോദരൻമാരുടെ സഭ

11. 'സുവിശേഷം പ്രസംഗിക്കുവാനോ? നിങ്ങളാണോ സുവിശേഷം പ്രസംഗിക്കുന്നത്? വൃത്തികെട്ടതായ നിങ്ങൾ പന്നികളുടെ കൂട്ടത്തിൽ പോയി അവരോട് പ്രസംഗിക്കുക. വേഗം ഇറങ്ങിപ്പോ, ഇവിടെനിന്ന്' ഈ വാക്കുകൾ ഫ്രാൻസിസ് അസീസിയോടും പതിനൊന്ന് പേരോടും പറഞ്ഞതാര്?

ഇന്നസെന്റ് തൃതിയൻ മാർപാപ്പ

12. ദൈവത്തിന്റെ മുഖം ഫ്രാൻസിസ് ദർശിച്ചത് ആരിൽ?

ദരിദ്രരിൽ

13. 'സെയ്ന്റ് ഫ്രാൻസിസ്' എന്ന വിശ്വവിഖ്യാത ഗ്രന്ഥത്തിന്റെ രചയിതാവ്?

കസൻദ്സക്കീസ്

14. വി.ഫ്രാൻസിസ് അസീസി കത്തോലിക്കാ സഭയിൽ അറിയപ്പെടുന്ന മറ്റൊരു പേര്?

രണ്ടാം ക്രിസ്തു


15. വി.ഫ്രാൻസിസ് അസീസിയുടെ ചിത്രത്തോടുകൂടിയ പോസ്റ്റൽ സ്റ്റാമ്പ് ഇന്ത്യാ ഗവൺമെന്റ് പ്രകാശനം ചെയ്ത വർഷം?

1963 ഏപ്രിൽ 4

16. ഫ്രാൻസിസ് അസീസിയുടെ മാമ്മോദീസ പേര്?

സ്നാപക യോഹന്നാൻ

www.malankaralibrary.com




## 6. ബൈബിൾ

1. ബൈബിൾ എന്ന പദത്തിന്റെ ഗ്രീക്ക് മൂലപദം?

   ബിബ്ളിയ (പുസ്തകം)

2. വി.ഗ്രന്ഥത്തിന് ബൈബിൾ എന്നു പേരു നൽകിയത് ആര്?

   വി. ക്രിസോസ്തോം, എ.ഡി.400ൽ

3. 'ദൈവം മനുഷ്യർക്കയച്ച സ്നേഹനിർഭരമായ ഒരെഴുത്ത്. എന്ന് വി.ബൈബിളിനെ വിശേഷ്പ്പിച്ചത് ആര്?

   വി. അഗസ്തീനോസ്

4. ബൈബിളിന്റെ മൂല ഭാഷകൾ ഏവ?

   ഹിബ്രു, ഗ്രീക്ക്, അറമായ

5. പുതിയ നിയമത്തിൽ എത്ര പുസ്കങ്ങളാണുള്ളത്?

   27

www.malankaralibrary.com

6. പഴയ നിയമത്തിൽ എത്ര പുസ്തകങ്ങളാണുള്ളത്?

   46

7. വിശ്വാസത്തിന്റെ മാഗ്നാക്കാർട്ട എന്നു വിശേഷിപ്പിക്കപ്പെടുന്ന ബൈബിൾ ഗ്രന്ഥങ്ങൾ?

   സുവിശേഷങ്ങൾ

8. ബൈബിളിൽ ഏറ്റവും കൂടുതൽ അധ്യായങ്ങളുള്ള ഗ്രന്ഥം?

   സങ്കീർത്തനം/ 150 അധ്യായങ്ങൾ

9. ബൈബിൾ അധ്യായങ്ങളായി തിരിച്ചത് ആര്?

   സ്റ്റീഫൻ ലാങ്ടൻ

10. ബൈബിളിലെ ഏറ്റവും ചെറിയ അധ്യായം?

    117-ാം സങ്കീർത്തനം

11. പഴയ നിയമഗ്രന്ഥത്തിലെ അവസാനപുസ്തകം?

    മലാക്കി

12. ഏറ്റവും വലിയ സങ്കീർത്തനം?

    119

13. പഴയനിയമത്തിലെ ഏറ്റവും ചെറിയ പുസ്തകം?

    ഒബാദിയ (21 വാക്യങ്ങൾ)

14. മതബോധനത്തിന്റെ സുവിശേഷം എന്നറിയപ്പെടുന്ന സുവിശേഷം?

    വി.മർക്കോസിന്റെ സുവിശേഷം

15. പരിശുദ്ധാത്മവിന്റെ സുവിശേഷം എന്നറിയപ്പടുന്ന പുസ്തകം?

    അപ്പസ്തോലപ്രവർത്തനങ്ങൾ

16. 'ഇന്ത്യ' എന്ന പേര് പഴയ നിയമത്തിൽ ഏത് പുസ്തകത്തിൽ കാണുന്നു?

    എസ്തേർ (1/1,13/1,8/9)

www.malankaralibrary.com

17. പഴയ നിയമഗ്രന്ഥങ്ങളെ എത്രയായി തരംതിരിച്ചിരിക്കുന്നു? ഏതെല്ലാം?

മൂന്നായി 1.നിയമം(തോറാ), 2.പ്രവാചകൻമാർ (നബിം), 3.ലിഖിതങ്ങൾ (കെത്തുബിം)

18. ലിഖിത പാരമ്പര്യങ്ങൾക്കുമുമ്പ് ബൈബിളിലെ സന്ദേശങ്ങളും സംഭവങ്ങളും എങ്ങനെയാണ് കൈമാറ്റപ്പെട്ടത്?

വാചിക പാരമ്പര്യത്തിലൂടെ

19. വായ് തുറന്ന് ചുരുൾ ഭക്ഷിച്ച പ്രവാചകൻ?

എസക്കിയേൽ

20. ഇസ്രായേലിന്റെ വിമോചകനായി കർത്താവ് നിയോഗിച്ച യഹൂദ യുവതി?

യൂദിത്ത്

21. ബൈബിളിൽ പുരോഹിതൻ എന്ന പദം ആദ്യമായി കാണുന്നത് എവിടെ?

ഉത്പത്തി 14:18

22. ദൈവം എന്ന വാക്ക് ഉപയോഗിക്കാത്ത വി.ബൈബിളിലെ പുസ്തകം?

ഉത്തമഗീതം

23. രണ്ട് അധ്യായമുള്ള പഴയനിയമപുസ്തകം?

ഹഗ്ഗായി

24. സ്ത്രീകളുടെ പേരിൽ എഴുതപ്പെട്ട ബൈബിൾ പുസ്തകങ്ങൾ ഏവ?

റൂത്ത്, എസ്തേർ, യൂദിത്ത്

25. സാമൂഹിക നീതിയുടെ പ്രവാചകൻ?

ആമോസ്

26. ബൈബിളിലെ രക്ഷാകരചരിത്രത്തിന്റെ ആരംഭം?

അബ്രാഹത്തിന്റെ വിളി

www.malankaralibrary.com

27. ബൈബിളിലെ ആദ്യത്തെ വാക്യം?

"ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു" (ഉത്പ.1:1)

28. ബൈബിളിലെ ആദ്യത്തെ അഞ്ച് പുസ്തകങ്ങളെ വിളിക്കുന്ന പേരെന്ത്? അവ ഏതെല്ലാം?

പഞ്ചഗ്രന്ഥി, ഉൽപത്തി, പുറപ്പാട്, ലേവ്യർ, സംഖ്യ, നിയമാവർത്തനം

29. 'കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ഇമ്മാനുവേൽ എന്ന് വിളിക്കപ്പെടും.' ഈ പ്രവചനം ഏത് പുസ്തകത്തിലാണ്?

ഏശയ്യാ (7:14)

30. ബൈബിൾ വ്യാഖ്യാന ശാസ്ത്രത്തിന്റെ പേരെന്ത്?

ഹേർമന്യൂട്ടിക്സ് (Hermeneutics)

31. പഴയനിയമത്തെ ഇന്നത്തെ രീതിയിൽ അധ്യായങ്ങളും വാക്യങ്ങളുമായി തിരിച്ചത് എന്ന്? ആര്?

എ.ഡി.1448-ൽ, റബി നാഥാൻ

32. ബൈബിളിൽ ആകെ എത്ര അധ്യായങ്ങളും വാക്യങ്ങളും ഉണ്ട്?

1189 അധ്യായങ്ങൾ, 31173 വാക്യങ്ങൾ

33. ബൈബളിന്റെ സുറിയാനി പരിഭാഷയുടെ പേര്?

പ്ശീത്താ (Peshitta)

34. ബൈബിളിന്റെ ലത്തീൻ പരിഭാഷയുടെ പേര്?

വൾഗേറ്റ് (Vulgate)

35. ബൈബിളിനെ രണ്ടാം വത്തിക്കാൻ കൗൺസിൽ വിശേഷിപ്പിക്കുന്നത് എങ്ങനെ?

വിശ്വാസികളുടെ പ്രാർത്ഥനാപുസ്തകം

36. ബൈബിളിൽ രേഖപ്പെടുത്തിയിട്ടുള്ള യേശുവിന്റെ അത്ഭുതങ്ങൾ എത്ര?

36

www.malankaralibrary.com

37. ബൈബിൾ എത്ര ഭാഷകളിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്?

    2300

38. വി.മത്തായിയുടെ സുവിശേഷത്തിന്റെ പ്രതീകം?

    മനുഷ്യൻ

39. വി.മർക്കോസിന്റെ സുവിശേഷത്തിന്റ പ്രതീകം?

    സിംഹം

40. വി.ലൂക്കോസിന്റെ സുവിശേഷത്തിന്റെ പ്രതീകം?

    കാള

41. വി.യോഹന്നാന്റെ സുവിശേഷത്തിന്റെ പ്രതീകം?

    കഴുകൻ

42. ഏത് സുവിശേഷമാണ് ദൈർഘ്യമേറിയത്?

    ലൂക്കോസിന്റെ സുവിശേഷം. 1151 വാക്യങ്ങൾ

43. ആദ്യമായി അച്ചടിക്കപ്പെട്ട ഗ്രന്ഥം? ഏത്?

    ബൈബിൾ 1452-ൽ

44. ഏത് ഭാഷയിലാണ് പഴയനിയമം എഴുതപ്പെട്ടത്?

    ഹീബ്രു

45. ബൈബിളിന്റെ ആദ്യത്തെ മലയാളപരിഭാഷയുടെ പേര്? അത് എന്നായിരുന്നു?

    സത്യവേദപുസ്തകം. 1811-ൽ കോട്ടയം സി.എം.എസ്. പ്രസിൽനിന്ന് പ്രോട്ടസ്റ്റന്റുകാർ പ്രസിദ്ധീകരിച്ചു.

46. പുതിയനിയമത്തിന്റെ ആദ്യ കത്തോലിക്കാപരിഭാഷ നിർവ്വഹിച്ചതാര്? എന്ന്?

    മാണിക്കത്തനാർ, 1935-ൽ മന്നാനത്തുനിന്ന് പ്രസിദ്ധീകരിച്ചു.

47. സമ്പൂർണ്ണ ബൈബിളിന്റെ ആദ്യത്തെ കത്തോലിക്കാ പരിഭാഷ നിർവ്വഹിച്ചതാര്? എന്ന്?

    മോൺ.മൂത്തേടൻ, 1963-ൽ

www.malankaralibrary.com

48. ഇപ്പോഴത്തെ ബൈബിളിലെ 73 പുസ്തകങ്ങളെയും ഔദ്യോഗിക മായി കത്തോലിക്കാ സഭ അംഗീകരിച്ചത് എന്ന്?

1546 ഏപ്രിൽ 8, ത്രെന്തോസ് സൂനഹദോസിൽവെച്ച്.

49. സമാന്തര സുവിശേഷങ്ങൾ ഏവ?

മത്തായി, മർക്കോസ്, ലൂക്കോസ്

50. നാലു സുവിശേഷങ്ങളിൽ ഇന്നത്തെ രൂപത്തിൽ ആദ്യം എഴുത പ്പെട്ട സുവിശേഷം?

വി.മർക്കോസിന്റെ (എ.ഡി. 70 നു മുമ്പ്) സുവിശേഷം

51. സുവിശേഷങ്ങളിൽ ഏറ്റവും ചെറിയത്?

വി. മർക്കോസ്. 16 അധ്യായങ്ങൾ, 661 വാക്യങ്ങൾ

52. പഴയനിയമം ഏറ്റവും അധികം ഉദ്ധരിക്കുന്ന സുവിശേഷം?

വി. മത്തായിയുടേത്

53. സഭാത്മക സുവിശേഷം എന്നറിയപ്പെടുന്ന സുവിശേഷം?

വി. മത്തായിയുടേത്

54. ദരിദ്രരുടെ സുവിശേഷം എന്നറിയപ്പെടുന്നത് ഏത്?

വി. ലൂക്കോസിന്റെ സുവിശേഷം

55. സ്ത്രീകളുടെ മഹത്വം ഉയർത്തിക്കാണിക്കുന്ന സുവിശേഷം ഏത്?

വി.ലൂക്കോസിന്റെ സുവിശേഷം

56. ഏറ്റവും അവസാനം എഴുതപ്പെട്ട സുവിശേഷം?

വി. യോഹന്നാന്റെ സുവിശേഷം

57. ഏറ്റവും അധികം പ്രതീകങ്ങൾ അവതരിപ്പിച്ചിരിക്കുന്ന സുവി ശേഷം?

വി. യോഹന്നാന്റെ സുവിശേഷം

58. വചനത്തെ സൂചിപ്പിക്കാൻ യോഹന്നാൻ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കുപദം?

ലോഗോസ് (logos)

www.malankaralibrary.com

59. സുവിശേഷങ്ങളിൽ ഈശോയുടെ ബാല്യകാലത്തെക്കുറിച്ച് പ്രതിപാദിക്കുന്ന സുവിശേഷകൻമാർ?

മത്തായി, ലൂക്കോസ്

60. 'സുവിശേഷം' എന്ന വാക്കിന്റെ അർത്ഥം?

സദ്‌വാർത്ത

61. പൗലോസിന്റേത് എന്ന് അംഗീകരിക്കപ്പെട്ടിരിക്കുന്ന എത്ര ലേഖനങ്ങളാണ് പുതിയനിയമത്തിലുള്ളത്? 13

62. പൗലോസിന്റെ ലേഖനങ്ങൾ കൂടാതെ വി.ഗ്രന്ഥത്തിലുള്ള ലേഖനങ്ങൾ പൊതുവെ അറിയപ്പെടുന്നത് ഏത് പേരിലാണ്?

കാതോലിക ലേഖനങ്ങൾ

## 7. പരിശുദ്ധ കന്യകമറിയം



1. മാതാവിന്റെ ജനനപ്പെരുന്നാൾ എന്ന്?

സെപ്റ്റംബർ 8

2. എത്രയും ദയയുള്ള മാതാവേ എന്ന പ്രാർത്ഥന രചിച്ച വിശുദ്ധൻ?

വി.ബർണാഡ്

3. മാതാവ് അമലോത്ഭവയാണെന്ന വിശ്വാസസത്യം പ്രഖ്യാപിച്ച മാർപാപ്പ?

9-ാം പീയൂസ് മാർപാപ്പാ

4. മാതാവിന്റെ സ്വർഗ്ഗാരോപണം വിശ്വാസ സത്യമായി പ്രഖ്യാപിച്ച മാർപാപ്പ ആര്?

12-ാം പീയൂസ് മാർപാപ്പ

5. 'നിന്നാൾ സ്തുതിയോടു രാജമകൾ' എന്ന ഗീതത്തിന് അടിസ്ഥാനമായ ബൈബിൾ ഭാഗം ഏത്?

സങ്കീർത്തനം 45:9-10

www.malankaralibrary.com

6. ഡിസംബർ 26-ന് ആഘോഷിക്കുന്ന മാതാവിന്റെ തിരുന്നാൾ ഏത്?

   ദൈവമാതാവിന്റെ പുകഴ്ചയുടെ തിരുന്നാൾ

7. പരി.കന്യകാമറിയത്തിന്റെ ജപമാല എന്ന അപ്പസ്തോലിക ലേഖനം എഴുതിയാര്?

   വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ

8. മറിയത്തിൽനിന്ന് ജപമാല ഏറ്റുവാങ്ങിയ വിശുദ്ധൻ ആര്?

   വി.ഡൊമിനിക്ക്

9. ജപമാല രാജ്ഞിയുടെ തിരുന്നാൾ ദിവസം?

   ഒക്ടോബർ 7

10. സുവിശേഷത്തിന്റെ രത്നചുരുക്കമായ പ്രാർത്ഥന ഏത്?

    ജപമാലപ്രാർത്ഥന

11. 'രക്ഷകന്റെ അമ്മ' എന്ന ചാക്രികലേഖനം ഏത് മാർപാപ്പയുടേതാണ്?

    വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ

12. മറിയത്തിന്റെ മാതാപിതാക്കൾ?

    ജൊവാക്കീം, അന്ന

13. സഭയിൽ ജപമാല പ്രാർത്ഥന നിലവിൽ വന്ന വർഷം?

    1214

14. മലങ്കരസഭയിൽ ആഴ്ചയുടെ ഏത് ദിവസമാണ് മാതാവിനെ അനുസ്മരിക്കുന്നത്?

    ബുധൻ

15. ലൂർദ്ദിൽ മാതാവ് പ്രത്യക്ഷപ്പെട്ട ദിവസം ഏത്? എന്ന്?

    1858 മാർച്ച് 25

16. മാതാവിന്റെ സ്വർഗ്ഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിച്ച തിരുവെഴുത്ത്?

    മുനിഫിച്ചെന്തിസിമൂസ് ദേവൂസ്

www.malankaralibrary.com

17. മാതാവിന്റെ സ്വർഗ്ഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിച്ച വർഷം?

1950 നവംബർ 1

18. ജപമാല പ്രാർത്ഥനയിൽ പുതുതായി ചേർക്കപ്പെട്ട ദിവ്യരഹസ്യങ്ങൾ?

പ്രകാശത്തിന്റെ ദിവ്യരഹസ്യങ്ങൾ

19. മേരിയുടെ രാജ്യം എന്നറിയപ്പെടുന്ന രാജ്യം ഏത്?

പോർച്ചുഗൽ

20. പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണ തിരുന്നാൾ ആഗസ്റ്റ് 15- ാം തിയ്യതി എന്ന് നിശ്ചയിച്ച മാർപാപ്പ ആര്?

വി.നിക്കോളാസ് ഒന്നാമൻ

21. മറിയം സഭയുടെ പ്രതീകം എന്ന് പറഞ്ഞ സഭാപിതാവ് ആര്?

വി.അംബ്രോസ്

22. യേശു മറിയത്തിൽ രൂപംകൊള്ളുന്നതിനുമുമ്പ് അവളുടെ ആത്മാവിൽ രൂപം കൊണ്ടു എന്ന് പറഞ്ഞത് ആര്?

വി.ക്ലമന്റ്

23. മരിയ ശാസ്ത്രത്തിന്റെ കേന്ദ്രബിന്ദു എന്നറിയപ്പെടുന്ന തിരുവചനഭാഗം ഏത്?

ലൂക്ക 1:28

24. പരിശുദ്ധമറിയത്തെ ആദ്യമായി അനുഗ്രഹങ്ങളുടെ വിതരണക്കാരി എന്ന് വിളിച്ചത് ആര്?

പീയൂസ് ഏഴാമൻ

25. പരി. മറിയത്തിന്റെ ജനനതിരുന്നാളിനു മുന്നോടിയായി ആചരിക്കുന്ന നോമ്പ് ?

എട്ടുനോമ്പ് (സെപ്തംബർ 1 മുതൽ 8 വരെ)

www.malankaralibrary.com

# എക്ലേസിയ

**മലങ്കര കത്തോലിക്കാസഭാപഠനങ്ങൾ 1**

**ഫാ. തോമസ് മടുക്കംമൂട്ടിൽ**

**മലങ്കര കത്തേലിക്കാസഭ – “ലോകത്തിൽ അതിശീഘ്രം വളരുന്ന സഭ” എന്ന് വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ വിശേഷിപ്പിച്ച സഭാസമൂഹം. ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ കൊളുത്തിവെച്ച ദീപം പിൻഗാമികളായ പിതാക്കൻമാരിലൂടെ, വൈദികരിലൂടെ, സന്യസ്തരിലൂടെ, അൽമായ പ്രേഷിതരിലൂടെ ഇന്നും ജ്വലിച്ചു പ്രകാശിക്കുന്നു. ദൈവത്തിന്റെ ശക്തമായ സാന്നിധ്യമുള്ള സഭാസമൂഹമായി ഇന്നും പരിപാലിക്കപ്പെടുന്നു.**

SROTHAS PUBLICATIONS
PASTORAL AND CATECHETICAL CENTRE
DIOCESE OF BATHERY
SULTHAN BATHERY, WAYANAD - 673 592

San Georgea sby. 04936 220179